February 2020
Volume 52 Issue 9

# VYAVASAYA KERALAM
# വ്യവസായ കേരളം

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം



## സംരംഭകത്വ കോൺക്ലേവ് 2020


പുതുവത്സരത്തിൽ
പുത്തൻ കുതിപ്പുമായ്

ആത്മവിശ്വാസം കൈമുതലാക്കിയ
യുവസംരംഭകൻ

# TEAM OF PROFESSIONALS

Our team is a dedicated group of highly experienced professionals who are capable to adopt to the changing trends in the industry.






Josh John

+91 70190 48175
+91 80899 75754

Four G Technologies
Building No 12/123, Chaluvelil
Near Indane Gas Agency Godown
Kuzhimttom P. O.
Kottayam- 686 533

fourgtechnologies@gmail.com



Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ഫെബ്രുവരി 2020 പുസ്തകം52 ലക്കം 9
February 2020 Volume 52 Issue 9

# ഉള്ളടക്കം




**06** **പുതുവത്സരത്തിൽ പുത്തൻ കുതിപ്പുമായ്**
എഴുമാവിൽ രവീന്ദ്രനാഥ്

**10** ഡിഷ് വാഷ് ബാർ നിർമ്മാണം
ബൈജു നെടുങ്കേരി

**14** ഇ മാലിന്യവും സാധ്യതകളും
ലോറൻസ് മാത്യു

**20** ലൈസൻസ് ഇല്ലാതെ വ്യവസായം തുടങ്ങാം മൂന്ന് വർഷത്തേക്ക്
ടി. എസ്. ചന്ദ്രൻ

**24** സംരംഭകത്വ വികസന ക്ലബ് കോൺക്ലേവ് 2020– എൻലൈറ്റ് 2020

**27** ശിൽപകലയിൽ നവ സാന്നിദ്ധ്യം
വിജീഷ്. എൻ. വി

**29** പ്രഗതി 2020

**32** ആത്മവിശ്വാസം കൈമുതലാക്കിയ യുവസംരംഭകൻ
മനോജ് മാതിരപ്പള്ളി

**37** സംരഭകത്വ വിദ്യാഭ്യാസം എന്ത്, എന്തിന് ?
ഡോ. ശചീന്ദ്രൻ. വി

**42** ബ്രാന്റ് എന്ന സ്ഫടികപാത്രം
സുധീർ ബാബു













**കെ. ബിജു,** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**ചീഫ് എഡിറ്റർ**
കെ. ബിജു ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 6238302158
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

പ്രതിനിധികൾ-
- തിരുവനന്തപുരം : കെ. നാരായണൻകുട്ടി
- കൊല്ലം : [illegible]
- പത്തനംതിട്ട : [illegible]
- ആലപ്പുഴ : [illegible]
- കോട്ടയം : [illegible]
- ഇടുക്കി : [illegible]
- എറണാകുളം : [illegible]
- തൃശൂർ : [illegible]
- പാലക്കാട് : [illegible]
- മലപ്പുറം : [illegible]
- കോഴിക്കോട് : [illegible]
- വയനാട് : [illegible]
- കണ്ണൂർ : [illegible]
- കാസർകോട് : [illegible]

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ലിപിൻ റോയി എൽ.ഡി.
സുചിത്ര ഭാസ്കർ,
ക്ലാരമ്മ ജെയിംസ്,
സുരേഷ് കുമാർ സി.റ്റി.
അഭിലാഷ് കൃഷ്ണ ആർ.എസ്.
വിപിൻ വി.എസ്.
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.

# പുതിയ തുടക്കം

സംസ്ഥാനത്തിന്റെ വികസന ആൽബത്തിൽ പുതിയ വർണ്ണചിത്രങ്ങൾ പതിപ്പിച്ചുകൊണ്ടാണ് ഒരു നവവത്സരം സമാഗതമായത്. പേരുപോലെതന്നെ വ്യവസായ സംരംഭങ്ങളുടെ ആരോഹണ പ്രക്രിയയ്ക്കു വഴിയൊരുക്കുന്നതായിരുന്നു അസ്സൻഡ് കേരള 2020. നിക്ഷേപ സമൂഹത്തിന് ഏറെ ആവേശം പകരുന്ന ഒന്നായി ഈ ആഗോള നിക്ഷേപസംഗമം മാറി. നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന ഖ്യാതിയിലൂടെ നവകേരളം സാധ്യമാക്കാനുള്ള വ്യവസായ വകുപ്പിന്റേയും സർക്കാരിന്റേയും പ്രതിജ്ഞാബദ്ധതയുടെ പ്രതീകമെന്നോണം ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ്ങ് കമ്പനിയ്ക്കും ഇവിടെ തുടക്കമിട്ടു കഴിഞ്ഞു.

ഒരു ഉപഭോക്തൃ സംസ്ഥാനമെന്നാണ് ധനതത്വ ശാസ്ത്രജ്ഞരും വാണിജ്യരംഗത്തെ പ്രമുഖരും കേരളത്തെ അടയാളപ്പെടുത്തിയിട്ടുള്ളത്. ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ എഴുപത് ശതമാനവും യന്ത്രസാമഗ്രികളുടെ കാര്യത്തിൽ എൺപത് ശതമാനവും അലോപ്പതി ഔഷധങ്ങളുടെ കാര്യത്തിൽ എൺപത്തഞ്ച് ശതമാനവും ഇന്ന് അന്യ സംസ്ഥാനങ്ങളാണ് നമുക്ക് നൽകിവരുന്നത്. എന്നാൽ പരമ്പരാഗത വ്യവസായങ്ങൾ, ഗുണമേന്മയുള്ള തനതുല്പന്നങ്ങൾ എന്നിവയിൽ നമുക്കു മേൽക്കൈയുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ.

പുതിയ വ്യവസായ നയം, നവകേരള നിർമ്മാണ പ്രക്രിയ തുടങ്ങിയവയിലൂടെ മറുനാട്ടിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമുള്ള വ്യവസായ സംരംഭകരെ നമുക്കിവിടേയ്ക്ക് ആകർഷിക്കാനായി. അസ്സൻഡ് കേരള 2020 ഈ ത്വരിത വികസന പ്രക്രിയയിലെ നാഴികക്കല്ലാണ്. ഇതൊരു ദീർഘവീക്ഷണത്തോടെയുള്ള വികസന സമീപനമാണ്. നാളെകളിൽ മികച്ച ഉല്പാദക സംസ്ഥാനമാക്കി കേരളത്തെ മാറ്റിയെടുക്കാനുള്ള ഉജ്ജ്വലമായ തുടക്കം.

ചീഫ് എഡിറ്റർ



**ഇ.പി. ജയരാജൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

# നടക്കാനേറെ .......
# നേടാൻ അതിലേറെ .......

സംസ്ഥാനത്തിന്റെ സമ്പൂർണ്ണ വികസനത്തിന് സമസ്ത മേഖലകളിലുമുള്ള വളർച്ച അനിവാര്യമാണ്. കൃഷി, വ്യവസായ മേഖലകളാണ് ഇതിൽ ഏറ്റവും പ്രധാനമായത്. നാടിന്റെ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിരതയുള്ള വളർച്ചയ്ക്ക് പ്രാഥമിക ദ്വിതീയ മേഖലകളാണ് ചാലകശക്തികളാക്കുന്നതെന്ന് പഞ്ചവത്സര പദ്ധതികൾക്ക് തുടക്കമിട്ടുകൊണ്ട് സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ആസൂത്രണ കമ്മീഷന്റെ പ്രഥമ യോഗത്തിന്റെ ആമുഖം ഈ അവസരത്തിൽ ഓർക്കുന്നു. പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് കാലത്തിനൊത്ത മാറ്റമാണ് എവിടെയും അഭികാമ്യം. വ്യവസായ മേഖലയും ഇവിടെ കാലത്തിനൊത്തുയരുകയാണ്. പരിസ്ഥിതി സംരക്ഷിക്കുന്നതോടൊപ്പം ജനജീവിതത്തെ സുഭദ്രമാക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സർക്കാർ വിഭാവനം ചെയ്യുന്നു. ഏകജാലകം മുതൽ അസ്സൻഡ് കേരള 2020 വരെ എത്രയെത്ര പദ്ധതികൾ. വികസന ചക്രവാളത്തിന്റെ സുവർണ്ണ നക്ഷത്രങ്ങളാണ് സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന ഓരോ പദ്ധതികളും അവസരങ്ങളുടെ അനന്ത സാധ്യതകളാണ് നമുക്ക് മുമ്പിൽ. ഒപ്പം അസംഖ്യം വെല്ലുവിളികളും. ഇച്ഛാശക്തിയുള്ള സർക്കാരും, ആത്മവിശ്വാസവും, ലക്ഷ്യബോധവുമുള്ള സംരംഭകരും ഒത്തുചേരുമ്പോൾ അസാധ്യമായി ഇവിടെ എന്താണുള്ളത്? ഫ്രോസ്റ്റിന്റെ വിഖ്യാതമായ കവിതയാണ് മനസ്സിലേക്കോടിയെത്തുന്നത്.

**"അനക്കമറ്റു നിദ്രയിൽ ലയിപ്പതിനുമുമ്പിലാ**
**യെനിക്കതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ!"**





കവർസ്റ്റോറി

എഴുമാവിൽ രവീന്ദ്രനാഥ്

ASCEND 2020 KERALA
GLOBAL INVESTORS MEET

# പുതുവത്സരത്തിൽ പുത്തൻ കുതിപ്പുമായ്




രാജ്യത്തിനു തന്നെ മാതൃകയാവും വിധം വ്യവസായരംഗത്തെ വൻകുതിപ്പിനു തുടക്കമിട്ട് ആഗോള നിക്ഷേപക സംഗമം അസ്സൻഡ് കേരള 2020 കൊച്ചിയിൽ നടന്നു. തൊഴിൽ നയത്തിലും ഭൂനയത്തിലുൾപ്പെടെ സമഗ്രമായ മാറ്റം പ്രഖ്യാപിച്ചുകൊണ്ട് സംഘടിപ്പിച്ച സംഗമത്തോട് നിക്ഷേപകർ പ്രകടിപ്പിച്ച ആവേശകരമായ പ്രതികരണം പുതിയൊരു വ്യവസായ വിപ്ലവത്തിനു തന്നെ തുടക്കം കുറിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

കൂടുതൽ നിക്ഷേപകർ, കൂടുതൽ സംരംഭങ്ങൾ, അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ, പ്രതിശീർഷ വരുമാനത്തിലും നികുതിയിലും വൻവളർച്ച വിദേശ നാണയത്തിന്റെ ഒഴുക്ക് തുടങ്ങിയവയ്ക്കൊക്കെ കാരണമാവുന്ന ഈ 20- 20 സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ പുതിയൊരദ്ധ്യായം എഴുതിച്ചേർക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. തൊഴിലില്ലായ്മയ്ക്കെതിരെ പടവെട്ടാൻ വ്യവസായമേഖലയുടെ വളർച്ചയിലൂടെ മാത്രമേ കഴിയൂ എന്നും അതിലേയ്ക്ക് എന്തു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറാവുമെന്നും

അദ്ദേഹം പറഞ്ഞു. ആഗോള സംഗമത്തിന്റെ ഉദ്ഘാടനം കൊച്ചിയിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു കാലത്ത് കാർഷിക മേഖലയുടെ സമൃദ്ധിയിൽ പ്രശോഭിച്ച കേരളത്തെ വ്യവസായ സംരംഭകരുടെ പറുദീസയാക്കി മാറ്റുകയാണ് സർക്കാറിന്റെ ലക്ഷ്യമെന്ന് വ്യവസായമന്ത്രി ഇ. പി. ജയരാജൻ പ്രഖ്യാപിച്ചു. വിദ്യാഭ്യാസത്തിലും സാങ്കേതിക മികവിലും മുന്നിട്ടു നിൽക്കുന്ന യുവതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സ്വന്തം നാട്ടിൽത്തന്നെ ഒരുങ്ങണം. സ്ത്രീ സൗഹൃദമായ വ്യാവസായികാന്തരീക്ഷം ഇവിടെ ഉണ്ടാകണം. ഒരു തൊഴിൽ ദിനം പോലും നഷ്ടപ്പെടുത്താതെ സംരംഭകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനാവണം, ഇവയൊക്കെ സർക്കാർ ലക്ഷ്യമിടുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്.

സംസ്ഥാനത്തിന്റെ വ്യവസായക്കുതിപ്പിനു കാരണമായി മാറുന്ന പതിമൂന്നു പ്രഖ്യാപനങ്ങളാണ് അസ്സൻഡ് കേരളയിൽ ഉണ്ടായത്. 250 കോടി രൂപയിലേറെ നിക്ഷേപമുള്ളതോ ആയിരം പേർക്കെങ്കിലും തൊഴിലവസരം ഒരുക്കുന്നതോ ആയ സംരംഭങ്ങൾക്ക് ഭൂപരിഷ്കരണച്ചട്ടങ്ങളിൽ വൻ ഇളവുകളാണ് നൽകുക. ഇവയ്ക്ക് 15 ഏക്കറിലധികം ഭൂമി കൈവശം വെയ്ക്കാൻ അനുവാദം നൽകും.

ഇന്ന് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ പോലെ സ്വകാര്യ മേഖലയിൽ വിവിധ സംരംഭകരുടെ സംരംഭങ്ങളുടെ കേന്ദ്രമായി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ സർക്കാർ ഒരുക്കമാണ്. വ്യവസായങ്ങൾക്കായി പഞ്ചായത്തുകളിൽ റോഡിന്റെ വീതിയ്ക്ക് ആനുപാതികമായേ കെട്ടിടങ്ങൾ പണിതുയർത്താവൂ എന്ന നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തും. എട്ടു മീറ്റർ വീതിയിലുള്ള റോഡിനു സമീപവും 18,000 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ കൂടുതലുള്ള കെട്ടിട സമുച്ചയങ്ങൾ വ്യാവസായികാവശ്യത്തിനായി പണിയാം.

ജലം, വൈദ്യുതി, ഗതാഗതം ഇവയുടെ കാര്യത്തിൽ സംരംഭകർക്ക് ആശങ്കപ്പെടേണ്ടതില്ല. സംരംഭങ്ങൾക്ക് അപേക്ഷിച്ച് 30 ദിവസത്തിനകം വൈദ്യുതി നൽകും. ഏറ്റവുമടുത്ത ജലസ്രോതസ്സിൽ നിന്നും അവർക്ക് ജലവും ലഭ്യമാക്കും. എല്ലാ യൂണിറ്റുകളും പെയ്തിറങ്ങുന്ന മഴയെ പരമാവധി

**സംസ്ഥാനത്തിന്റെ വ്യവസായക്കുതിപ്പിനു കാരണമായി മാറുന്ന പതിമൂന്നു പ്രഖ്യാപനങ്ങളാണ് അസ്സൻഡ് കേരളയിൽ ഉണ്ടായത്. 250 കോടി രൂപയിലേറെ നിക്ഷേപമുള്ളതോ ആയിരം പേർക്കെങ്കിലും തൊഴിലവസരം ഒരുക്കുന്നതോ ആയ സംരംഭങ്ങൾക്ക് ഭൂപരിഷ്കരണച്ചട്ടങ്ങളിൽ വൻ ഇളവുകളാണ് നൽകുക.**



ചൂഷണം ചെയ്യുവാനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് അവ നടപ്പിലാക്കണം.

പരിസ്ഥിതി സംരക്ഷണത്തിൽ ശ്രദ്ധയൂന്നിക്കൊണ്ടുതന്നെ ഏകജാലക സംവിധാനത്തിലൂടെ അർഹരായ എല്ലാ സംരംഭകർക്കും പാരിസ്ഥിതികാനുമതി ലഭ്യമാക്കുവാൻ



**പുതിയ സംരംഭങ്ങളിലെ തൊഴിലാളികൾക്ക് ആദ്യ അഞ്ചു വർഷം സബ്സിഡി നൽകുന്ന നവീന പദ്ധതിക്കും സർക്കാർ തുടക്കമിട്ടു. ഇ. എസ്. ഐ., പ്രോവിഡന്റ് ഫണ്ട് ഇവയിൽ അംഗങ്ങളായ തൊഴിലാളികളുടെ സ്ഥാപനങ്ങൾക്കാണ് സബ്സിഡി. സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ 2,000 രൂപ കൂടുതലാവും സബ്സിഡി തുക.**

വ്യവസായ വകുപ്പ് മുൻകൈയ്യെടുക്കും. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ ശേഷിയുയർത്തലിനും, വികസനത്തിനുമായി വാട്ടർ, പവ്വർ കണക്ഷനുകളുടെ അപ്ഗ്രഡേഷൻ ഉടൻ തന്നെ നൽകും. ഇതിലേക്കുള്ള തുക തവണകളായി അടച്ചാൽ മതി.

പുതിയ സംരംഭങ്ങളിലെ തൊഴിലാളികൾക്ക് ആദ്യ അഞ്ചു വർഷം സബ്സിഡി നൽകുന്ന നവീന പദ്ധതിക്കും സർക്കാർ തുടക്കമിട്ടു. ഇ. എസ്. ഐ., പ്രോവിഡന്റ് ഫണ്ട് ഇവയിൽ അംഗങ്ങളായ തൊഴിലാളികളുടെ സ്ഥാപനങ്ങൾക്കാണ് സബ്സിഡി. സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ 2,000 രൂപ കൂടുതലാവും സബ്സിഡി തുക.

സ്ത്രീ ജീവനക്കാർക്ക് രാത്രി ഷിഫ്റ്റുകളിലും നിർഭയം ജോലി ചെയ്യാനുള്ള അവസരമൊരുക്കുമെന്നതാണ് മറ്റൊരു പ്രഖ്യാപനം. രാത്രി ഏഴു മുതൽ വെളുപ്പിന് ആറു വരെ ജോലി ചെയ്യുന്നവർക്ക് താമസവും, യാത്രാ സൗകര്യവും സംരംഭകർ തന്നെ ഏർപ്പാടാക്കും. സ്ത്രീകളുടെ ആത്മവിശ്വാസം ഉയർത്തുന്ന ഒന്നാണ് ഈ പ്രഖ്യാപനം.

തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേകമായ സമിതികളുണ്ടാവുമെന്നതാണ് അസ്സൻഡിലെ മറ്റൊരു പ്രഖ്യാപനം. തൊഴിലാളി സംഘടനകളും മാനേജ്മെന്റ് പ്രതിനിധികളും സർക്കാർ പ്രതിനിധികളും ഉൾക്കൊള്ളുന്ന ഈ സമിതി സൗഹാർദ്ദപരമായ ചർച്ചകളിലൂടെ ഇരുകൂട്ടരുടെയും

താല്പര്യ സംരക്ഷണത്തിനുള്ള നയങ്ങൾ രൂപീകരിക്കും. ഒരു തൊഴിൽ ദിനം പോലും നഷ്ടപ്പെടാതിരിക്കാൻ സമിതി പ്രതിജ്ഞാബദ്ധമാണ്.

സംസ്ഥാനത്തെ വ്യവസായ വികസനത്തിനു വേണ്ടി സ്ഥാപിതമായ കെ. എസ്. ഐ. ഡി. സി. യുടെ വായ്പാ പരിധി ഉയർത്തലാണ് മറ്റൊരു ശ്രദ്ധേയമായ നടപടി. നിലവിലെ 35 കോടി എന്നത് 100 കോടിയായി വർദ്ധിപ്പിക്കുന്നതിലൂടെ വൻകിട സംരംഭകർക്ക് പച്ചപ്പരവതാനി വിരിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മണ്ണുമാറ്റൽ, പാറനീക്കൽ, നിലം നിരപ്പാക്കൽ, കിണർ കുഴിയ്ക്കൽ തുടങ്ങിയവയ്ക്ക് ജിയോളജി

കമ്പനിയുടെ വെബ്സൈറ്റിന്റെ ഉദ്ഘാടനവും ചടങ്ങിൽ വെച്ചു നടന്നു. കമ്പനി ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയാണ് ഉദ്ഘാടകനായത്.

വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിച്ച് മുന്നോട്ടു പോകുകയാണ് സർക്കാർ നയമെന്നാണ് അദ്ധ്യക്ഷൻ കൂടിയായ വ്യവസായ വകുപ്പുമന്ത്രി ഇ. പി. ജയരാജൻ പറഞ്ഞത്. പ്രോജക്റ്റുകളുടെ അപ്രൂവൽ, ഭൂമി, ഊർജ്ജസ്രോതസ്സ്, കെട്ടിട നിർമ്മാണം, തൊഴിലാളികൾ, ഗതാഗത സൗകര്യങ്ങൾ വിപണി തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കെല്ലാം തന്നെ പരിഹാരം കണ്ടുകൊണ്ടുള്ള ഒരു




വകുപ്പിൽ നിന്നും അനുമതി ലഭിക്കുവാനുള്ള കാലതാമസമൊക്കെ ഏകജാലക സംവിധാനത്തിലൂടെ പരിഹരിക്കാൻ കഴിയുമെന്ന് അസ്സൻഡിൽ പ്രഖ്യാപിച്ചത് ഗ്രാമീണ മേഖലയിലെ വമ്പൻ പ്രോജക്ടുകൾക്ക് ഒരു അനുഗ്രഹം തന്നെയാവും. പാരിസ്ഥിതിക ദുർബ്ബല പ്രദേശങ്ങളെ ഇത്തരം പദ്ധതികളിൽ നിന്നൊഴിവാക്കിയാവും അനുമതികൾ നൽകുന്നത്. തണ്ണീർത്തടങ്ങളും പ്രകൃതിദത്ത ജലസ്രോതസ്സുകളും ഇതിലൂടെ സംരക്ഷിക്കപ്പെടും.

പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾക്കായി ആരംഭിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിങ്ങ്


പ്രഖ്യാപനമാണ് അസ്സൻഡ് കേരളയിൽ നടന്നത്. വിപണി, വിപണനം എന്നിവയിൽ സംരംഭകർക്ക് നയങ്ങൾ രൂപീകരിക്കാനാവും. അവർക്ക് പിന്തുണയുമായി വിപണനമേളകൾക്ക് സർക്കാർ ഒപ്പമുണ്ടാവും.

നവകേരള നിർമ്മിതിയിൽ വ്യവസായ മേഖലയുടെ പങ്ക് എടുത്തുകാട്ടുകയാണ് അസ്സൻഡ് കേരള 2020. നിക്ഷേപസൗഹൃദമാണ് നമ്മുടെ സംസ്ഥാനമെന്ന് ഒരിക്കൽ കൂടി പ്രഖ്യാപിക്കുന്ന 20- 20 പുതിയൊരു തൊഴിൽ സംസ്കാരത്തിനു നാന്ദി കുറിക്കട്ടെ.





ഡോ. ബൈജു നെടുങ്കേരി



# ഡിഷ് വാഷ് ബാർ നിർമ്മാണം

കേരളം 2020 ൽ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിക്കഴിഞ്ഞു .കേരള എം.എസ്. എം. ഇ. ഫെസിലിറ്റേഷൻ ആക്റ്റ് വഴി ഇനി മുതൽ 10 കോടി രൂപ വരെ മുതൽ മുടക്കുള്ള റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾ ജില്ലാ തല സമിതിക്ക് ഒരു ഡിക്ലറേഷൻ ഫയൽ ചെയ്തുകൊണ്ട് ആരംഭിക്കാം. ബുദ്ധിമുട്ടേറിയതും സമയദൈർഘ്യം എടുക്കുന്നതുമായ ലൈസൻസുകൾ നേടുന്നത് 3 വർഷങ്ങൾക്കപ്പുറം മതിയാകും .ലൈസൻസിംഗ് രാജ് നിലനിന്ന ഒരു സംസ്ഥാനത്താണ് ഗവൺമെന്റ് വ്യവസായക വിപ്ലവത്തിന് വഴിയൊരുക്കിയ ഇത്തരത്തിലൊരു നിയമം പാസാക്കിയത് . കൂടാതെ തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് തൊഴിലുടമയ്ക്ക് ഇൻസെന്റീവ് അനുവദിക്കുന്ന പ്രഖ്യാപനവും മുഖ്യമന്ത്രിയിൽ നിന്നുണ്ടായി .മറ്റ് ഏതു ഇന്ത്യൻ സ്റ്റേറ്റുകളെക്കാളും ഇന്ന് കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. സ്വകാര്യ വ്യവസായ പാർക്കുകൾക്കു അനുമതി നൽകുക വഴി വ്യവസായങ്ങൾക്കുള്ള സ്ഥല ലഭ്യതയും ഗവൺമെന്റ് ഉറപ്പു വരുത്തുന്നു.

ചെറുകിട വ്യവസായരംഗത്തിന് ഈ തീരുമാനങ്ങളെല്ലാം കൂടുതൽ കരുത്ത് പകർന്ന് കഴിഞ്ഞു. തൊഴിൽ അന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളിലേക്കുള്ള മാറ്റം സാധ്യമാക്കുന്ന സംരംഭകത്വ സൗഹൃദ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിലൂടെ യുവാക്കളും സ്ത്രീകളും സംരംഭരംഗത്തേക്ക് കൂടുതലായി കടന്നുവരുന്നതിന് വഴിയൊരുങ്ങും . ചെറുകിട വ്യവസായരംഗം കൂടുതൽ

കരുത്താർജ്ജിക്കും .കൂടുതൽ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കപ്പെടുകയും ചെയ്യും .

## ഡിഷ്‌വാഷ് ബാർ

ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിച്ചാൽ വിപണനം സുഗമമായിരിക്കും .അടുക്കളയിൽ ഒഴിച്ച് കൂടാനാകാത്ത ഒന്നാണ് ഡിഷ്‌വാഷ് ബാർ. ഡിഷ്‌വാഷ് ബാർ നിർമ്മിക്കുന്ന യൂണിറ്റുകൾ കേരളത്തിൽ വിരലിൽ എണ്ണാവുന്നവയേ ഉള്ളു വിപണി വലിയതാണുതാനും. അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ഉല്പന്നങ്ങൾ വിപണി കൈയടക്കി വെച്ചിരിക്കുന്നു. കേരളത്തിൽ ഡിഷ്‌വാഷ് ബാറിന്റെ നിർമാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതും വിപണി കിഴടക്കാവുന്നതുമാണ്. വ്യത്യസ്ഥ നിറങ്ങളിലും സുഗന്ധങ്ങളിലും ലഭിക്കുന്ന ഡിഷ്‌വാഷ് ബാറുകളുടെ നിർമ്മാണ രീതികൾ ഒന്നുതന്നെയാണ്. നിറവും സുഗന്ധവും മാത്രമേ വ്യത്യസ്ഥമാകുന്നുള്ളു. വനിതാ സൗഹൃദ യൂണിറ്റുകളായും സംരംഭകത്വ ഗ്രൂപ്പുകൾക്കും ഡിഷ്‌വാഷ് ബാർ നിർമ്മാണം ആരംഭിക്കാൻ കഴിയും.

## സാധ്യതകൾ

കേരളം എല്ലാത്തരം ഉൽപന്നങ്ങളുടെയും വലിയ വിപണിയാണ് .മറ്റു സംസ്ഥാനങ്ങളെ

**ഡിഷ്‌വാഷ് ബാർ നിർമ്മിക്കുന്ന യൂണിറ്റുകൾ കേരളത്തിൽ വിരലിൽ എണ്ണാവുന്നവയേ ഉള്ളു വിപണി വലിയതാണുതാനും. അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ഉല്പന്നങ്ങൾ വിപണി കൈയടക്കി വെച്ചിരിക്കുന്നു. കേരളത്തിൽ ഡിഷ്വാഷ് ബാറിന്റെ നിർമാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതും വിപണി കിഴടക്കാവുന്നതുമാണ്.**

അപേക്ഷിച്ച് നമ്മുടെ ഗ്രാമങ്ങൾക്ക് പോലും നഗരങ്ങൾക്ക് തുല്യമായ വാങ്ങൽ ശേഷിയുണ്ട് . ദൈനം ദിന ജീവിതത്തിൽ നമ്മൾ ധാരാളമായി ഉപയോഗിക്കുന്നതും എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നതുമായ ധാരാളം ഉല്പന്നങ്ങളുണ്ട് ഈ ഉല്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തു തന്നെ നിർമ്മിച്ച്



**സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നിർമ്മാണ രീതി ഈ വ്യവസായത്തിൽ കുത്തക നിലനിർത്താൻ സംരംഭകരെ പ്രാപ്തരാക്കും. കുറഞ്ഞ മുതൽ മുടക്കും ഈ വ്യവസായത്തിന്റെ ആകർഷണീയതയാണ്. അസംസ്കൃത വസ്തുക്കളും സുലഭമായി ലഭിക്കും.**

വിപണിയിലെത്തിക്കാൻ സാധിച്ചാൽ അന്യസംസ്ഥാനങ്ങളിലേക്കുള്ള പണമൊഴുക്ക് കുറച്ച് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ശക്തികരിക്കാൻ കഴിയും. കേരള ബ്രാൻഡുകൾക്കു കൂടുതൽ പ്രാമുഖ്യം നൽകിയുള്ള വാങ്ങൽ സംസ്കാരവും വില്പന രീതികളും ക്രമപ്പെടുത്തണം.

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നിർമ്മാണ രീതി ഈ വ്യവസായത്തിൽ കുത്തക നിലനിർത്താൻ സംരംഭകരെ പ്രാപ്തരാക്കും. കുറഞ്ഞ മുതൽ മുടക്കും ഈ വ്യവസായത്തിന്റെ ആകർഷണീയതായാണ്. അസംസ്കൃത വസ്തുക്കളും സുലഭമായി ലഭിക്കും.

## മാർക്കറ്റിംഗ്

വിതരണക്കാരെ നിയമിച്ചുള്ള വില്പന രീതി തന്നെയാണ് ഉത്തമം. വിപണി പിടിക്കുന്നതിനായി സ്കീമുകളും കോംബോ പായ്ക്കുകളും പരീക്ഷിക്കാവുന്നതാണ്. സ്ത്രീകളുടെ കൈകൾക്ക് സുരക്ഷിതത്വം നൽകുന്ന തരത്തിൽ നിർമാണ രീതി പരിഷ്കരിച്ചാൽ ഇക്കാരണം കൊണ്ടുതന്നെ കൂടുതൽ വില്പന നേടാൻ സാധിക്കും.

## നിർമ്മാണ രീതി

ഡിഷ് വാഷ് നിർമ്മാണത്തിലെ ഏറ്റവും പ്രധാന ഘടകം നിർമ്മാണത്തിനുപയോഗിക്കുന്ന കോംബിനേഷനാണ്. പാത്രങ്ങൾ വൃത്തിയാക്കുന്നതിനൊപ്പം ചർമ്മ സംരക്ഷണവും പ്രധാനമാണ്. അസംസ്കൃത വസ്തുക്കളായ സോഡാ ആഷ്, ആസിഡ് സ്ളറി, സോഡിയം സിലിക്കേറ്റ്, ചൈന ക്ലേ, കാൽസ്യം സിലിക്കേറ്റ് പൗഡർ, ഡോളമൈറ്റ്, പൗഡർ കളർ പെർഫ്യൂം എന്നിവ നിശ്ചിത അനുപാതത്തിൽ സിഗ്മ മിക്സർ ഉപയോഗിച്ച് കുഴച്ചെടുക്കും. ആവശ്യത്തിന് വെള്ളം ചേർത്താണ് മിക്സിന്റെ ഗാഢത ക്രമപ്പെടുത്തുന്നത്. തുടർന്ന് പ്ലോഡർ ഉപയോഗിച്ച് നിശ്ചിത രൂപത്തിലുള്ള ബാറുകളാക്കി മാറ്റും. ഡിഷ് വാഷ് ബാറിന്റെ തൂക്കത്തിനനുസരിച് വ്യത്യസ്ത രൂപങ്ങൾ നൽകാൻ കഴിയും. ഇതിനായി ഡൈ മാറ്റി ഉപയോഗിക്കും. തുടർന്ന് സെമി ഓട്ടോമാറ്റിക് കട്ടിങ് മെഷീൻ ഉപയോഗിച്ച് നിശ്ചിത തൂക്കത്തിൽ കട്ട് ചെയ്ത് എടുക്കാം . തുടർന്ന് റോട്ടോഗ്രവിയർ പ്രിന്റ് ചെയ്ത് കവറുകളിലോ പേപ്പർ പാക്കുകളോ ചെയ്ത് വിപണിയിലെത്തിക്കാം.

## മൂലധന നിക്ഷേപം

(പ്രതി ദിനം 1200 കിലോ ബാർ നിർമ്മാണത്തിനുള്ള യന്ത്ര സംവിധാനങ്ങൾ )

| | |
|---|---|
| സിഗ്മ മിക്സർ | = 4,50,000 .00 |
| പ്ളോഡർ | = 4,25,000.00 |
| കട്ടിംഗ് യന്ത്രം | = 90,000.00 |
| **ആകെ** | **= 9,65,000.00** |

## പ്രവർത്തന വരവ് ചിലവ് കണക്ക്

(പ്രതിദിനം 1000 Kg ഡിഷ് വാഷ് ബാർ നിർമ്മിക്കുന്നതിന്റെ ചിലവ് )

| | |
|---|---|
| അസംസ്കൃത വസ്തുക്കൾ (നിർമ്മാണ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നവ ) | = 16,500.00 |
| തൊഴിലാളികളുടെ വേതനം | = 2000.00 |

*With Best Complements from*

# Immanuel Furniture Industries,

Nannamkuzhi, Kattachalkuzhi PO, Neyyattinkara , TVPM- 695501
Prop. T. Rajendran Ph-9995778423

(manufactures of attractive Steel & Wooden Furniture)



| | |
|---|---|
| പാക്കേജിംഗ് മെറ്റീരിയൽ | = 4000.00 |
| വൈദ്യുതി ഇതര ചിലവുകൾ | = 1000.00 |
| ട്രാൻസ്പോർട്ടേഷൻ | = 5000.00 |
| ആകെ | = 28,500.00 |

## വരവ്

(പ്രതിദിനം 1000 Kg ഡിഷ് വാഷ് ബാർ 100 gm വീതമുള്ള പായ്ക്കുകളിൽ വിൽക്കുമ്പോൾ ലഭിക്കുന്നത്)

100 g MRP =10.00

40% കമ്മീഷൻ കിഴിച്ച് ഉല്പാദകന്

| | |
|---|---|
| ലഭിക്കുന്നത് | = 6.00 |
| 1000 Nos * 60 | = 60,000.00 |

ലാഭം

| | |
|---|---|
| വിൽപന വില | = 60,000.00 |
| ഉൽപാദന ചിലവ് | = 28,500.00 |
| ലാഭം | = 31,500.00 |

## സാങ്കേതികവിദ്യ പരിശീലനം

ഡിഷ് വാഷ് ബാർ നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യയും പരിശീലനവും കാർഷിക ഭക്ഷ്യ സംസ്കരണ രംഗത്തെ ഇൻക്യൂബേഷൻ സെന്ററായ അഗ്രോപാർക്കിൽ ലഭിക്കും. ഫോൺ നമ്പർ: 0485-2242310

**ഡിഷ് വാഷ് ബാറിന്റെ തൂക്കത്തിനനുസരിച് വ്യത്യസ്ത രൂപങ്ങൾ നൽകാൻ കഴിയും. ഇതിനായി ഡൈ മാറ്റി ഉപയോഗിക്കും. തുടർന്ന് സെമി ഓട്ടോമാറ്റിക് കട്ടിങ് മെഷീൻ ഉപയോഗിച്ച് നിശ്ചിത തൂക്കത്തിൽ കട്ട് ചെയ്ത് എടുക്കാം .**

## വായ്പ- സബ്സിഡി- ലൈസൻസിംഗ്

ഉദ്യോഗ് ആധാർ ഗുഡ്സ് & സർവീസ് ടാക്സ്, പാക്കേജിംഗ് ലൈസൻസ് എന്നിവ നേടണം. വിവിധ വായ്പാ പദ്ധതികൾക്കും സബ്സീഡികൾക്കുമായി ബാങ്കുകളെയോ വ്യവസായ ഓഫീസിലോ സമീപിക്കാം.



ടെക്നോട്രെന്റ്
ലോറൻസ് മാത്യു



# ഇ മാലിന്യവും സാധ്യതകളും

ആധുനിക മനുഷ്യന് എന്നും തലവേദനകൾ സൃഷ്ടിക്കുന്നയൊന്നാണ് മാലിന്യമെന്നത്. ആഗോളതലത്തിൽത്തന്നെ മാലിന്യമെന്നത് ഒരു പ്രശ്നമായി നിൽക്കുന്നയൊരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ അടുത്ത കാലത്തായി നാം കേൾക്കാൻ തുടങ്ങിയയൊന്നാണ് ഇ മാലിന്യമെന്നത്.

## എന്താണ് ഇ മാലിന്യം

മാറുന്ന ലോകത്തിൽ ഇലക്ട്രോണിക്സ് എന്ന സാങ്കേതിക വിദ്യക്കുള്ള സ്ഥാനം എടുത്ത് പറയേണ്ടത് തന്നെ ആണ്. ഈ അടുത്ത കാലത്തായി മാറ്റങ്ങൾ അനുനിമിഷവും സംഭവിക്കുന്ന മേഖലയാണിത്. അതു കൊണ്ട് തന്നെ നിത്യേനയെന്നോണം പുത്തൻ ഉപകരണങ്ങൾ ഈ ശ്രേണിയോട് കൂട്ടിച്ചേർക്കപ്പെടുന്നു. ആയതിനാൽത്തന്നെ പഴയ ഇലക്ട്രോണിക് ഉപകരണങ്ങൾ പലതും ഉപയോഗിക്കപ്പെടാതെ പോകുന്നു. ഇത് സൃഷ്ടിക്കുന്ന വിപത്ത് നാം ചിന്തിക്കുന്നതിലും അപ്പുറമാണ്. ഇന്ന് ഇലക്ട്രോണിക്സ് എന്നത് മൊബൈൽ ഫോൺ മുതൽ ബഹിരാകശത്ത് കറങ്ങുന്ന ഉപഗ്രഹങ്ങൾ വരെ എത്തി നിൽക്കുന്ന ഒന്നാണ്. ആയതിനാൽ തന്നെ നിരവധിയായ ഉപകരണങ്ങൾ അവ ഉപയോഗ യോഗ്യമല്ലാതാവുന്നതിന് മുമ്പ് പുത്തൻ ഉല്പ്പന്നങ്ങൾക്ക് മുമ്പിൽ വഴി മാറുമ്പോൾ നാം ചിന്തിക്കാറില്ല ഇവയൊക്കെയും എവിടേക്ക് പോകുന്നുവെന്ന്. ഇങ്ങനെ ഉപേക്ഷിക്കപ്പെട്ട ഇലക്ട്രിക്കൽ, ഇലക്ട്രോണിക ്സ് ഉപകരണങ്ങളേയും ഉപകരണ ഭാഗങ്ങളേയും ആണ് ഇ മാലിന്യമെന്ന് വിളിക്കുന്നത്. പഴയ ടിവിയും, കമ്പ്യൂട്ടറും, പ്രിന്ററും, സ്കാനറും, മൊബൈൽ ഫോണും, കാൽക്കുലേറ്ററും, സി ഡി യും, പെൻഡ്രൈവും അങ്ങനെയുള്ള എല്ലാം ചേർന്നതാണിത്.

വികസിത രാജ്യങ്ങളാണ് ഇ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിൽ മുമ്പിൽ നില്ക്കുന്നത്. 2010 ൽ ഏകദേശം 50 മില്യൺ ടൺ ഇ മാലിന്യം ലോകത്ത് ആകമാനം ഉണ്ടായതായതാണ് കണക്കുകൾ കാണിക്കുന്നത്. എന്നാൽ കഴിഞ്ഞ പത്ത് വർഷം കൊണ്ടിത് 150 മില്യൺ ടൺ ആയി വർദ്ധിച്ചുവത്രെ. 5.9 മില്യൺ ടൺ മാലിന്യവുമായി അമേരിക്കയാണ് ഈ





പട്ടികയിൽ ഒന്നാമത്. തൊട്ടു പിറകിൽ 1.19 മില്യൺ ടണ്ണുമായി യു കെയും.

## എന്തു കൊണ്ട് ഇത്രയധികം ഇ മാലിന്യം

ഇ മാലിന്യങ്ങൾ ഇങ്ങനെ കുന്ന് കൂടുന്നതിന് നിരവധി കാരണങ്ങളുണ്ട്.

**1. നിരവധി ഉപകരണങ്ങൾ**

നിരവധി വില കുറഞ്ഞ ഉപകരണങ്ങൾ വിപണിയിൽ ലഭ്യമാണെന്നതിനാൽ കേടാകുമ്പോൾ നന്നാക്കുവാൻ നില്ക്കാ തെ പുതിയവ വാങ്ങുവാൻ കാണിക്കുന്ന അമിതാവേശം വിനയാകുന്നുണ്ട്. പലപ്പോഴും ഇതാണ് ലാഭകരമെന്നതിനാലും ഇത് സംഭവിക്കുന്നുണ്ട്.

**2. മാറുന്ന സാങ്കേതിക വിദ്യ**

അനു ദിനം മാറുന്നതാണ് ഇലക്ട്രോണിക്സ് എന്ന സാങ്കേതിക വിദ്യ. ലാപ്ടോപ്പും മൊബൈലും ടാബ്ലെറ്റുമെല്ലാം പെട്ടെന്ന് മോഡലുകൾ മാറുന്നു. സവിശേഷതകൾ എപ്പോഴും അപ്ഡേറ്റ് ആയി വരുന്നു. ആയതിനാൽ തന്നെ പുതിയത് വരുമ്പോൾ പഴയത് ആൾക്കാർ ഉപയോഗിക്കാതെ വരുന്നതും ഇ വേസ്റ്റിന്റെ അളവ് കൂട്ടുന്നയൊന്നാണ്.

**3. ഉപഭോക്തൃ ഭ്രമം**

സമൂഹത്തിലെ Use and throw സംസ്കാരം പുത്തൻ ഉപകരണങ്ങളോട് ഭ്രമവും പഴയതിനോട് താൽപ്പര്യമില്ലായ്മയും വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. ഇതും ഇ മാലിന്യത്തിന്റെ അളവ് വർദ്ധിക്കുവാൻ കാരണമാവുന്നുണ്ട്.

## ഇ മാലിന്യം എങ്ങനെ അപകടകാരിയാവുന്നു

ഇലക്ട്രോണിക്സ് മാലിന്യങ്ങളിലടങ്ങിയിരിക്കുന്ന നിരവധി രാസ വസ്തുക്കളുണ്ട്. ഇത് അത്യന്തം അപകടകരമായ ഒന്നാണ്. ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്ന ഇ-മാലിന്യങ്ങളിൽ നിന്ന് രാസ, ലോഹ മാലിന്യങ്ങൾ അന്തരീക്ഷത്തിനും ജീവജാലങ്ങൾക്കും ഭീഷണിയാകുന്നുവെന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക്

ഇ-മാലിന്യങ്ങളിലും പ്ലാസ്റ്റിക്കുണ്ടാകും. എല്ലാ ഇലക്ട്രോണിക് ഉൽപന്നങ്ങളുടെയും പുറംകവർ നിർമിക്കുന്നതിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നു. ഒരു ഇലക്ട്രോണിക് ഉൽപന്നത്തിന്റെ ഭാരത്തിന്റെ നാലിലൊരു ഭാഗം പ്ലാസ്റ്റിക്കാകും. പ്ലാസ്റ്റിക് മണ്ണിൽ കിടന്ന് മണ്ണിന്റെ സ്വാഭാവിക ജൈവവിഘടനം തടഞ്ഞ് സൂക്ഷ്മജീവികളെ നശിപ്പിക്കും. പ്ലാസ്റ്റിക് കത്തിക്കുമ്പോഴുള്ള പുക (ഡയോക്സിൻ) ശ്വാസകോശത്തിൽ കടന്ന് ക്യാൻസറിനുവരെ കാരണമാകാം. ഡയോക്സിൻ മാത്രമല്ല, ക്യാൻസറിനു കാരണമായേക്കാവുന്ന മറ്റു നിരവധി വാതകങ്ങൾ

പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാകുന്നു.

## ലെഡ്

ഇ-മാലിന്യങ്ങളിൽ കൂടുതൽ അടങ്ങിയത് ഈയം അഥവാ ലെഡ് ആണ്. കംപ്യൂട്ടർ/ടെലിവിഷൻ മോണിറ്ററുകളിലാണ് ഈയം കൂടുതൽ. സോൾഡറിങ്ങിനും ഈയമാണ് ഉപയോഗിക്കുന്നത്. മോണിറ്ററുകൾ കത്തിക്കുമ്പോൾ ഇത് അന്തരീക്ഷത്തിൽ പൊടിയായി പടരുന്നു. ഇ-മാലിന്യം ചതുപ്പുകളിലിട്ട് മുകളിൽ മണ്ണിട്ടു നികത്തുമ്പോൾ കുടിവെള്ളത്തിൽ പോലും ഈയം കലരുന്നു. ലെഡിന്റെ അമിത സാന്നിധ്യം നാഡി വ്യവസ്ഥയേയും രക്ത ചംക്രമണത്തേയും സാരമായി ബാധിക്കും. കിഡ്നി രോഗ സാധ്യതയും ഉണ്ടാകാം.

## കാഡ്മിയം

ഇലക്ട്രോണിക് ഉൽപ്പന്നങ്ങളിലെല്ലാമുള്ള റസിസ്റ്ററുകൾ, സോളാർ സെൽ എന്നിവയിൽ കൂടുതലായി കാണുന്നു. വിഷമയമായ ഈ മൂലകം കിഡ്നിയിൽ അടിഞ്ഞുകൂടി ശരീരപ്രക്രിയകളെ ബാധിക്കുന്നു. ഗർഭിണികളിൽ എത്തിയാൽ ഗർഭസ്ഥ ശിശുവിനെപ്പോലും ബാധിക്കാം.

## മെർക്കുറി

എല്ലാ ഇലക്ട്രോണിക് ഉൽപ്പന്നങ്ങളിലും അവശ്യ വസ്തുവായ മെർക്കുറി കിഡ്നിയെയും നാഡീ വ്യൂഹത്തിന്റെ പ്രവർത്തനത്തെയും ബാധിക്കുന്ന ഒന്നാണ്.

## ചെമ്പ്

ചെമ്പുവയറുകൾ കത്തിക്കുന്നത് ആവരണമായ, പിവിസി കത്തിച്ചുകളയാനാണ്. പുകയിൽ ഡയോക്സിൻ അന്തരീക്ഷത്തിൽ കലർന്ന് മനുഷ്യന്റെ ശ്വാസകോശത്തെ ബാധിക്കുന്നു.

## ക്രോമിയം

കമ്പ്യൂട്ടറിലാണ് ഇതു കൂടുതൽ കാണപ്പെടുക. കത്തിക്കുമ്പോൾ അലർജിയാണ് ക്രോമിയം ഉണ്ടാക്കുന്ന പ്രധാന രോഗം.

ഇത് മാത്രമല്ല ഇ മാലിന്യത്തിൽ ഒട്ടനവധി രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ട്. അവയെല്ലാം തന്നെ ആരോഗ്യത്തിന് വളരെ ഹാനികരമായ ഒന്നാണ്. മാത്രവുമല്ല ഇതൊക്കെ വെറുതെ കൂട്ടിയിടുന്നത് സോളിഡ് വേസ്റ്റ് എന്ന രീതിയിലും പരിസ്ഥിതിക്ക് ആഘാതം നൽകുന്നയൊന്നാണ്. ഇതുപോലെ ഇ-മാലിന്യത്തിൽ അടങ്ങിയ ലോഹങ്ങളും രാസവസ്തുക്കളും മൂലകങ്ങളും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്കു മാത്രമല്ല, മണ്ണും ജലവും വിഷമയമാക്കുന്നതുൾപ്പെടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളും ഉണ്ടാക്കുന്ന ഒന്നാണ്.

## ഇന്ത്യയും മോശമല്ല

ഇ മാലിന്യത്തിന്റെ കാര്യത്തിൽ നമ്മുടെ രാജ്യം അഞ്ചാം സ്ഥാനത്താണ്. ലോക വ്യാപകമായി 10 ശതമാനമാണ് ഇ മാലിന്യങ്ങളുടെ വളർച്ച. എന്നാൽ ഇന്ത്യയിൽ ഇത് 30 ശതമാനമാണ്. ഇലക്ട്രോണിക് ഹബ്ബുകളായ ബംഗളൂരു, ചെന്നൈ, ഡൽഹി, മുംബൈ, കൊൽക്കത്ത നഗരങ്ങളിലാണ് ഇന്ത്യയിൽ ഇ-മാലിന്യം കൂടുതൽ. മറ്റു സ്ഥലങ്ങളെപ്പോലെ ഉപയോഗത്തിൽ നിന്നു മാത്രമല്ല, ഉല്പ്പാദനത്തിന്റെ ഭാഗമായും ഈ നഗരങ്ങളിൽ ഇ-മാലിന്യം ഉണ്ടാകുന്നു. ഡൽഹിയിലൊക്കെ ബാറ്ററി തല്ലിപ്പൊട്ടിക്കുന്ന കേന്ദ്രങ്ങൾ ഉണ്ടാക്കിയ മലിനീകരണം വാർത്തയായിരുന്നല്ലോ. 2020 ൽ ഇന്ത്യയിലെ ഇ മാലിന്യം 52 ലക്ഷം ടൺ ആണെന്നാണ് ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന അസോച്ചം (ദി അസ്സോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി) എന്ന വ്യവസായ സംഘടന നടത്തിയ പഠനം തെളിയിക്കുന്നത്.

## പരിഹാരവും സംരംഭകത്വ സാധ്യതകളും

ഇന്ത്യയിൽ ഉണ്ടാകുന്ന ഇ-മാലിന്യത്തിനു



പുറമെ അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതു കൂടിയാകുമ്പോൾ ഇ-മാലിന്യം വലിയ ഭീഷണിയായി മാറുകയാണ്. അതു തടയാനുള്ള മാർഗങ്ങളെക്കുറിച്ച് മനുഷ്യൻ ആലോചിച്ചു തുടങ്ങി. പുനരുപയോഗം (Re Use) പുനഃചംക്രമണം (Re Cycling) എന്നിവയാണ് മാർഗങ്ങൾ. പഴയ ഉൽപ്പന്നങ്ങളിൽ നിന്ന് ഉപയോഗിക്കാവുന്ന ഘടകങ്ങൾ വേർതിരിച്ചെടുത്ത് അറ്റകുറ്റപ്പണി നടത്തി മാറ്റിയശേഷം ബാക്കി ശാസ്ത്രീയമായി റീസൈക്കിൾ ചെയ്യുകയാണ് പോംവഴി. ശാസ്ത്രീയമാർഗങ്ങൾ ചെലവു കൂടിയതായതു കൊണ്ട് മണ്ണിൽ കുഴിച്ചുമൂടൽ, കത്തിക്കൽ തുടങ്ങിയ അശാസ്ത്രീയ മാർഗങ്ങളാണ് വികസ്വരരാജ്യങ്ങളിൽ കൂടുതലും അവലംബിച്ച് കാണുന്നത്. ശാസ്ത്രീയരീതിയിൽ ഇ-മാലിന്യം സംസ്കരിക്കുന്നത് പരിസ്ഥിതി സൗഹൃദം മാത്രമല്ല, വ്യവസായ സാധ്യതയും വരുമാന മാർഗവുമാണ്. പ്രകൃതിസംരക്ഷണം, ഊർജസംരക്ഷണം, തൊഴിൽ വർധന, വരുമാനമാർഗം എന്നിവ ഇതുവഴി ഉണ്ടാകുന്നു. സ്വകാര്യ മേഖലയിൽ ശാസ്ത്രീയ ഇ-മാലിന്യ സംസ്കരണത്തിനുള്ള കമ്പനികൾ മറ്റ് ഇന്ത്യൻ നഗരങ്ങളിലെപ്പോലെ കേരളത്തിലും ആരംഭിച്ചിട്ടുണ്ട്. ഇ-മാലിന്യ സംസ്കരണ ഫാക്ടറികൾക്കും സാധ്യത വർദ്ധിക്കുകയാണ്. ഇ മാലിന്യ ശേഖരണ സ്ഥലങ്ങൾ (Collection Centers) ഇതിന്റെ സംരംഭക സാധ്യതകളുടെ ആദ്യ പടിയാണ്. അതിനു ശേഷം ഒരു പൊതു സ്ഥലത്ത് (Consolidation Points) ഇത് ഒരുമിച്ച് കൂട്ടാവുന്നതാണ്. തുടർന്നാണ് Recycle ചെയ്യേണ്ടത്. Primary Recycling, Secondary Recycling എന്ന രീതിയിൽ ഇത് ചെയ്യാവുന്നതാണ്. പ്രൈമറി റീ സൈക്ലിങ്ങിൽ ഇത് തരം തിരിക്കലും വൃത്തിയാക്കലുമെല്ലാം വരും. സെക്കൻഡറി റീസൈക്ലിങ്ങിൽ ആണ് യഥാർത്ഥത്തിലുള്ള റീ സൈക്ലിങ്ങ് നടക്കുക. ചെമ്പ് പോലുള്ള വില പിടിപ്പുള്ള വസ്തുക്കൾ ഇവിടെ വെച്ച് വേർ തിരിച്ചെടുക്കും. ഇത് വിപുലമായി പ്ലാൻ ചെയ്താൽ നല്ലയൊരു സംരംഭക സാധ്യതയാണ്.

## റീ സൈക്ലിങ്ങ് എങ്ങനെ

വളരെയധികം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നയൊന്നാണ് ഇ വേസ്റ്റ് റീ സൈക്ലിങ്ങ് എന്നത്. ഇ വേസ്റ്റ് ഇനങ്ങൾ പുനരുൽപ്പാദിപ്പിക്കുന്ന പ്ലാന്റുകളിൽ നിന്നും പ്രധാന ഘടകങ്ങളെ തരം തിരിച്ചെടുക്കും. പിന്നീട് പുനർ നിർവചിക്കാവുന്നതോ, തുടർച്ചയായി പുനരുൽപ്പാദിപ്പിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നതോ ആയ ഭാഗങ്ങളായി വേർതിരിക്കുന്നു. ബാക്കി വരുന്ന വസ്തുക്കളെ കൺവെയർ ബെൽറ്റിലെ ഓട്ടോമേറ്റഡ് ഷേക്കിങ്ങ് പ്രക്രിയയിലൂടെ കടത്തി വിട്ടു കൊണ്ട് ഇ മാലിന്യ അവശിഷ്ടങ്ങളിൽ നിന്നും സ്റ്റീൽ, ഇരുമ്പ് എന്നിവ ഉൾപ്പെടെ എല്ലാ കാന്തിക വസ്തുക്കളേയും നീക്കം ചെയ്യുവാൻ Over Hand Magnet ഉപയോഗിക്കുന്നു. കോപ്പർ, അലുമിനിയം എന്നിവ അവശിഷ്ടങ്ങളിൽ നിന്ന് വേർതിരിക്കപ്പെടുകയും ലോഹ അസംസ്കൃത വസ്തുക്കൾ വിൽക്കുകയോ പുനരുപയോഗിക്കുകയോ ചെയ്യും. തുടർന്ന് വരുന്ന അവശിഷ്ടങ്ങളിൽ നിന്ന് പ്ലാസ്റ്റിക് പോലുള്ളവ വേർതിരിക്കാനായി വെള്ളം ഉപയോഗിക്കുന്നു. ഇങ്ങനെ വേർതിരിച്ചെടുത്ത എല്ലാ വസ്തുക്കളും പുനർ ഉപയോഗത്തിന് അസംസ്കൃത വസ്തുക്കളായി പിന്നീട് വിനിയോഗിക്കാനാകും. പ്ലാസ്റ്റിക്, ഗ്ലാസ്, കോപ്പർ, ഇരുമ്പ്, ഉരുക്ക്, വിലയേറിയ ലോഹ മിക്സ് എന്നിവ വിറ്റഴിക്കപ്പെടുന്ന ഉൽപ്പ ന്നങ്ങളാണ്. ടെലി വിഷൻ, കമ്പ്യൂട്ടർ മോണിറ്ററിൽ നിന്ന് ഗ്ലാസ് വേർ തിരിച്ചെടുക്കുന്നു. മെർക്കുറി അടങ്ങിയ ഉപകരണങ്ങൾ മെർക്കുറി റീസൈക്ലിങ്ങ് സൗകര്യമുള്ള പ്ലാന്റുകളിലേക്കാണ് അയയ്ക്കുന്നത്. Dental Amalgam ഉം ഇ മെട്രിക് ഉപകരണങ്ങളിലും ഫ്ളൂറസെന്റ് ലൈറ്റിങ്ങിനുപയോഗിക്കുന്ന ഒരു സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഇവ വേർതിരിച്ചെടുക്കുന്നത്. സർക്യൂട്ട് ബോർഡുകൾ അക്രഡിറ്റഡ് കമ്പനികളിലേക്ക് അയയ്ക്കുന്നു. അവിടെ വെള്ളി, ടിൻ, ചെമ്പ് തുടങ്ങിയവ വേർതിരിക്കുന്നു. ബാറ്ററികളിൽ നിന്നും നിക്കൽ, സ്റ്റീൽ, കാഡ്മിയം, കൊബാൾട്ട് വേർതിരിച്ച് പുതിയ ബാറ്ററി ഉൽപ്പാദനത്തിനും സ്റ്റെയിൻലെസ് സ്റ്റീൽ നിർമ്മാണത്തിനും ഉപയോഗിക്കുന്നു.



## നിയമങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്

അതിവേഗം വളരുന്ന


ഇലക്ട്രോണിക്സ് നഗരങ്ങളായി മാറുകയാണ് നമ്മുടെ കൊച്ചിയും തിരുവനന്തപുരവും കോഴിക്കോടുമെല്ലാം. ഇ മാലിന്യം പരിസ്ഥിതിക്കും മനുഷ്യനും ഹാനികരമാവാതെ സംസ്കരിക്കണമെന്ന് നിഷ്കർഷിക്കുന്ന നിയമങ്ങൾ 2006 മുതൽ ഇന്ത്യയിലുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ബയോ-മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, ഹസാർഡ്സ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്- എന്നിവയാണ് ഇ-മാലിന്യം മനുഷ്യനും പരിസ്ഥിതിക്കും ഹാനികരമാകാത്ത രീതിയിൽ സംസ്കരിക്കണമെന്ന് നിഷ്കർഷിക്കുന്ന നിയമങ്ങൾ. കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളാണ് ഇതു നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നത്.

വിൽക്കുന്ന ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ഉപയോഗശേഷം തിരിച്ചെടുത്ത് ശാസ്ത്രീയ റീസൈക്കിളിനു വിധേയമാക്കണമെന്ന് കമ്പനികളെ നിഷ്കർഷിക്കുന്ന നിയമവ്യവസ്ഥകൾ നിയമങ്ങളിൽ ഉണ്ടെങ്കിലും പല കമ്പനികളും നടപ്പാക്കാറില്ല.

സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യങ്ങൾ അപകടകരമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മാലിന്യം സുരക്ഷിതമായി ശേഖരിക്കുന്നതിനും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി കർശന നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. ഇതനുസരിച്ച്

ഇലക്ട്രോണിക് ഉൽപന്നങ്ങളുടെ നിർമ്മാതാക്കൾ ഉപയോഗ ശൂന്യമാവുന്ന തങ്ങളുടെ ഉൽപന്നങ്ങൾ ഉപഭോക്താക്കളിൽ നിന്ന് നേരിട്ടോ ഏജന്റുമാർ വഴിയോ ശേഖരിക്കുകയോ വില നൽകി മടക്കി വാങ്ങുകയോ ചെയ്യണം.

* ശേഖരിക്കുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ അംഗീകൃത പുനരുൽപാദകർക്ക് അനുയോജ്യമായ മാർഗ്ഗത്തിൽ എത്തിച്ചു കൊടുക്കേണ്ടതും നിർമ്മാതാക്കൾ തന്നെയാണ്. അംഗീകൃത ബ്രാൻഡുകളുടെ ഇലക്ട്രിക്കൽ - ഇലക്ട്രോണിക് ഉല്പന്നങ്ങൾ ഇ-മാലിന്യമാകുമ്പോൾ ഉപഭോക്താക്കൾ അവ ഉൽപാദകർക്ക് മടക്കിനൽകുകയോ തദ്ദേശസ്ഥാപനങ്ങൾ ഏർപ്പെടുത്തുന്ന പ്രാദേശിക സംവിധാനം വഴി ഒഴിവാക്കുകയോ ചെയ്യണം.



* സംസ്ഥാനത്തെ ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനോ പുനരുത്പാദനം ചെയ്യുന്നതിനോ പര്യാപ്തമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും അനുമതി നൽകുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികളെടുക്കണം.

* മലിനീകരണ നിയന്ത്രണ ബോർഡും പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പും, ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടികളിൽ ഇ-മാലിന്യ നിർമ്മാർജ്ജനം എന്ന വിഷയവും ഉൾപ്പെടുത്തണം.

* സി.എഫ്.എൽ, എഫ്.ടി.എൽ. ലൈറ്റുകളുൾപ്പെടെയുള്ള ഇ-മാലിന്യങ്ങൾ വേർതിരിച്ച് വീടുകളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങളൊരുക്കണം. കുടുംബശ്രീ യൂണിറ്റുകളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താം. ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കുകയും അംഗീകൃത ഏജൻസികളെ ഏൽപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് തദ്ദേശസ്ഥാപനങ്ങളാണ്.

* പുനരുപയുക്തമായ ഇ-മാലിന്യങ്ങൾ വീടുകളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നത് പരിഗണിക്കണം.

* ഇ-മാലിന്യങ്ങൾ കത്തിക്കുകയോ പൊതുസ്ഥലങ്ങളിൽ അലക്ഷ്യമായി കൂട്ടിയിടുകയോ ഖരമാലിന്യങ്ങളുമായി കൂട്ടിക്കലർത്തുകയോ ചെയ്യുന്നില്ലെന്ന് തദ്ദേശസ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡും ഉറപ്പുവരുത്തണം.

* ഇലക്ട്രോണിക് - ഇലക്ട്രിക്കൽ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വൻതോതിലുള്ള ഉപയോഗത്തിനും അനുവാദമോ ലൈസൻസോ നൽകുമ്പോൾ ഇ-മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങളുണ്ടെന്ന് ഉറപ്പുവരുത്തണം.

* സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവ സി.എഫ്.എൽ, എഫ്.ടി.എൽ വിളക്കുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ പോലുള്ള ഇലക്ട്രോണിക് ഉൽപന്നങ്ങൾ വാങ്ങുന്നതിന് നിർമ്മാതാക്കളുമായി ഉണ്ടാക്കുന്ന കരാറിൽ ഉപയോഗശൂന്യമാകുമ്പോൾ ഈ വസ്തുക്കൾ തിരികെവാങ്ങുമെന്നത് നിർബ്ബന്ധിത വ്യവസ്ഥയാക്കണം.

* ഇ-മാലിന്യം ഫലപ്രദമായി ശേഖരിക്കുകയും നിർമ്മാർജ്ജനം ചെയ്യുകയും

ചെയ്യുന്ന ത്രിതല തദ്ദേശസ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനതല പുരസ്കാരമേർപ്പടുത്തണം.

* ഇ-മാലിന്യത്തെ അശാസ്ത്രീയമായി കൈകാര്യം ചെയ്താലുണ്ടാവുന്ന അപകടങ്ങളെയും പാരിസ്ഥിതിക പ്രശ്നങ്ങളെയും കുറിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം നൽകാൻ മലിനീകരണ നിയന്ത്രണ ബോർഡ്, ജൈവവൈവിധ്യ ബോർഡ് പരിസ്ഥിതി- കാലാവസ്ഥാ വ്യതിയാന ഡയറക്റ്ററേറ്റ് എന്നിവ പരിപാടികൾ തയ്യാറാക്കണം.



## ഇ വേസ്റ്റ് റീസൈക്ലിങ്ങ് അസോസിയേഷൻ

ഇ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ രാജ്യത്തെ ആദ്യ കൂട്ടായ്മയാണ് ഇ വേസ്റ്റ് റി സൈക്ലിങ്ങ് അസോസിയേഷൻ. ബാംഗ്ലൂർ ആണ് ആസ്ഥാനം. ഇ മാലിന്യ സംസ്കരണത്തെ ഏകോപ്പിക്കുകയും സംസ്കരണം കാര്യക്ഷമമാക്കുകയും ഇതുമായി ബന്ധപ്പെട്ട നിയമ പരിപാലത്തിന് സർക്കാരിനെ സഹായിക്കുകയുമാണ് സംഘടനയുടെ ലക്ഷ്യം. ഇ മാലിന്യ സംസ്കരണത്തിനായി ബാംഗ്ലൂരിൽ ധാരാളം സ്ഥാപനങ്ങൾ ഉണ്ടെങ്കിലും അവ അശാസ്ത്രീയമായാണ് പ്രവർത്തിക്കുന്നത്. ഇ സംസ്കരണം സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ ലഘുലേഖകളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നുണ്ട് അസോസിയേഷൻ.

## മാതൃകയായി ക്ലീൻ കേരളാ കമ്പനി

ഇ-മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പദ്ധതികളിലൂടെ സംഭരിച്ച് ശാസ്ത്രീയ പുനഃചംക്രമണത്തിന് വേർതിരിച്ചു നൽകുന്നതിന് കേരളത്തിൽ സർക്കാർ മുൻകൈയെടുത്ത് രൂപീകരിച്ച ക്ലീൻ കേരള കമ്പനി ഈ രംഗത്ത് പുതിയ പ്രതീക്ഷ നൽകുന്നു. സംസ്ഥാനത്തെ ശുചിത്വ പരിപാലന രംഗത്ത് സമഗ്രമായ പുരോഗതി കൈവരിക്കുന്നതിനും അജൈവമാലിന്യങ്ങളുടെ ശാസ്ത്രീയമായ പുന:ചംക്രമണത്തിനും, സംസ്കരണത്തിനും ഉതകുന്ന രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയുമാണ് കമ്പനിയുടെ ലക്ഷ്യം. ഹരിതകേരള മിഷൻ, ശുചിത്വമിഷൻ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ഹരിതകർമസേന വഴി വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പരമാവധി പ്ലാസ്റ്റിക് ശേഖരിച്ച് തരം തിരിക്കുകയും പുനഃചംക്രമണത്തിന് അയയ്ക്കുകയും ചെയ്യുന്നു. പുനചംക്രമണത്തിന് അനുയോജ്യമല്ലാത്തത് യന്ത്രസഹായത്താൽ അരിഞ്ഞ് റോഡ് ടാറിങ്ങിന് വേണ്ടി നൽകുന്നതും ക്ലീൻ കേരള കമ്പനിയാണ്. കഴിഞ്ഞ വർഷം പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർ തിരിച്ച് പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നല്കുന്നത് വഴി 71 ലക്ഷം രൂപയുണ്ടാക്കുവാൻ ക്ലീൻ കേരള കമ്പനിക്ക് കഴിഞ്ഞു.

## നമുക്ക് എന്ത് ചെയ്യാം

കൂടുതൽ ഈടുനിൽക്കുന്ന മികച്ച ബ്രാന്റുകൾ തെരഞ്ഞെടുക്കുക. ഉപയോഗശേഷം ഉൽപ്പന്നം തിരിച്ചെടുത്ത് ശാസ്ത്രീയ പുനഃചംക്രമണം നടത്തുന്ന (Recycling) ബ്രാന്റുകൾ തെരഞ്ഞെടുക്കുക.

ലാപ്ടോപ്പുകൾ പോലെയുള്ള പല ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ പൂർണമായി തുറന്ന് അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തതുകൊണ്ട് പെട്ടെന്നുതന്നെ ഇ-മാലിന്യമാകുന്നു. കൂടുതൽ തുറന്ന് അറ്റകുറ്റപ്പണി നടത്തുന്ന രീതിയിൽ ഇവ രൂപകൽപ്പന ചെയ്യാനുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.

ഉൽപ്പന്നങ്ങളുടെ രൂപകൽപ്പന വേളയിൽ പ്രകൃതിസൗഹൃദ രീതികളുടെ കണ്ടുപിടിത്തങ്ങൾക്ക് പ്രാധാന്യം നൽകുക.

ഉദാ: ലാപ്ടോപ് പുറം ചട്ടമുള്ള ഉൽപ്പന്നം കൊണ്ടാകാം. മൗസിന്റെ പുറംകവർ ചിരട്ട ഉൽപ്പന്നം കൊണ്ടു നിർമിക്കാം. (കടലാസ് പേനയും മഷിപ്പേനയും പ്രോത്സാഹിപ്പിക്കുംപോലെ).

നിയമങ്ങൾ ഏറെ ഉണ്ടാവുക എന്നതോടൊപ്പം തന്നെ പ്രധാനമാണ് അത് നടപ്പിലാക്കുന്നതും അനുസരിക്കുന്നതും. ഈ രംഗത്തെ സാധ്യതകൾ തിരിച്ചറിഞ്ഞ് പുതിയ സംരംഭക സാധ്യതകൾ ഇനിയും ഉടലെടുക്കേണ്ടിയിരിക്കുന്നു.



ടി. എസ്. ചന്ദ്രൻ

സംസ്ഥാനം കൂടുതൽ സംരംഭ സൗഹൃദമാകുന്നു

# ലൈസൻസ് ഇല്ലാതെ വ്യവസായം തുടങ്ങാം മൂന്ന് വർഷത്തേക്ക്

സംരംഭം തുടങ്ങാനുള്ള നടപടികൾ കൂടുതൽ ലളിതമാവുകയാണ്. ലൈസൻസുകൾ സമ്പാദിക്കാനായി ഇനി കാത്തിരിക്കേണ്ടതില്ല. യാതൊരു ലൈസൻസും എടുക്കാതെ തന്നെ സംരംഭം തുടങ്ങാനും 3 വർഷത്തേക്ക് തുടർന്ന് നടത്താനും ഉള്ള സാഹചര്യം ഒരുക്കുകയാണ് സംസ്ഥാന സർക്കാർ. എന്നാൽ 3 വർഷം കഴിഞ്ഞാൽ അടുത്ത ആറ് മാസത്തിനുള്ളിൽ എല്ലാ ലൈസൻസുകളും സമ്പാദിക്കേണ്ടതുണ്ട്. മുൻകൂർ ലൈസൻസുകൾ എടുക്കാതെ തന്നെ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയുന്ന 2019 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ആയത് സബ്ജക്റ്റ് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരിക്കുന്നു.



## നടപടിക്രമങ്ങൾ ഇങ്ങനെ

* സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തി നിശ്ചിത ഫോറത്തിൽ സ്വയം സാക്ഷ്യപ്പെടുത്തി ഒരു അപേക്ഷ സമർപ്പിക്കണം.
* ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട് പ്രകാരം കേരളത്തിൽ നിലവിലുള്ള ജില്ലാ ബോർഡ് ആണ് ഇതിന്റെ നോഡൽ ഏജൻസി. ഈ ബോർഡ് മുമ്പാകെയാണ് അപേക്ഷ സമർപിക്കേണ്ടത്. ഇതിന്റെ അദ്ധ്യക്ഷൻ ജില്ലാ കളക്ടറും കൺവീനർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരും ആണ്.
* കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാറ്റഗറി അനുസരിച്ച് (റെഡ്) വിഭാഗത്തിൽ വരാത്ത സംരംഭങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വൈറ്റ്, ഗ്രീൻ, ഓറഞ്ച്, റെഡ് ഇങ്ങനെ മലിനീകരണത്തിന്റെ തോത് അനുസരിച്ച് സംരംഭങ്ങളെ തരംതിരിച്ചിട്ടുണ്ട്.
* ഇത്തരത്തിൽ പൂർണമായ ഒരു അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ ജില്ലാ ബോർഡ് ഒരു കൈപ്പറ്റ് രസീത് നിശ്ചിതഫോറത്തിൽ നൽകും.
* ഈ രസീത് ലഭിച്ചു കഴിഞ്ഞാൽ പിറ്റേ ദിവസം തന്നെ സംരംഭം തുടങ്ങാം. ഇതിന്റെ കാലാവധി 3 വർഷമാണ്.
* കാലാവധി അവസാനിച്ചാൽ 6 മാസത്തിനുള്ളിൽ നിയമപരമായി എടുക്കേണ്ടതായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും എടുത്തിരിക്കേണ്ടതാണ്.
* സാക്ഷ്യപത്രത്തിലെ നിബന്ധനകൾ ലംഘിച്ചാൽ 5 ലക്ഷം രൂപ വരെ പിഴ അടക്കേണ്ടി വരും.
* 10 കോടിയിൽ താഴെ നിക്ഷേപമുള്ള സംരംഭങ്ങൾക്ക് മാത്രമാണ് ഈ സൗകര്യം ലഭിക്കുക. അതുകൊണ്ട് സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മാത്രമേ ഈ നിയമം ബാധകമാകുന്നുള്ളൂ.
* നോഡൽ ഏജൻസിയുടെ തീരുമാനം മൂലം സങ്കടം അനുഭവിക്കേണ്ടി വരുന്ന ഏതൊരാളിനും സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് മുമ്പാകെ അപ്പീൽ നൽകാവുന്നതും, ആയത് 30 ദിവസത്തിനുള്ളിൽ നൽകേണ്ടതുമാണ്.

## ആറ് നിയമങ്ങളിൽ ഭേദഗതി വരും

മേൽ വ്യവസ്ഥകൾക്ക് അനുസൃതമായി 6 നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുള്ളതായി കണക്കാക്കുന്നതാണ്.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്
2. 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട്
3. 1960 ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്ട്
4. 2013 ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട്
5. 1955 ലെ ട്രാവൻകൂർ- കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്
6. 1939 ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, കേരള നഗര ഗ്രാമ ആസൂത്രണ നിയമം (മാസ്റ്റർ പ്ലാൻ പ്രാബല്യത്തിലുള്ള പ്രദേശങ്ങൾ) ഏതെങ്കിലും പ്രത്യേകമായ കേന്ദ്ര നിയമങ്ങൾ എന്നിവ അനുസരിക്കുവാൻ സംരംഭകർ ബാധ്യസ്ഥരാണ്. ഇത്തരം നിയമങ്ങൾ ലംഘിച്ചുകൊണ്ട് യാതൊരു കാരണവശാലും സംരംഭങ്ങൾ തുടങ്ങാൻ ഈ നിയമം അനുവദിക്കുന്നില്ല.

## ആശങ്കകൾക്ക് അടിസ്ഥാനമില്ല

ലൈസൻസ് എടുക്കാതെ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാം എന്ന് കേൾക്കുമ്പോൾ നിരവധി ആശങ്കകളാണ് പൊതു സമൂഹത്തിന് ഉണ്ടാകുന്നത്.

1. കൂറ്റൻ വ്യവസായങ്ങൾ വരുമെന്ന് ആശങ്കപ്പെടേണ്ടതില്ല. കാരണം 10 കോടി രൂപയിൽ താഴെ നിക്ഷേപം വരുന്ന സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾ മാത്രമാണ് ഈ നിയമം അനുസരിച്ച് തുടങ്ങാൻ കഴിയൂ.
2. പരിസ്ഥിതി മലിനീകരണം രൂക്ഷമാക്കുമോ എന്നും ഭയക്കേണ്ടതില്ല. റെഡ് കാറ്റഗറി സംരംഭങ്ങളെ ഇതിന്റെ പരിധിയിൽ നിന്നും പൂർണമായും ഒഴിവാക്കിയിരിക്കുന്നു എന്നതിനാൽ അത്തരം ആശങ്കകൾക്ക് അടിസ്ഥാനമില്ല. ഓയിൽ റിഫൈനറി, മൈനിംഗ് (പാറമടകൾക്ക് ബാധകം) ഫാർമസ്യൂട്ടിക്കൽസ്, ഡിസ്റ്റിലറി തുടങ്ങിയ സംരംഭങ്ങൾ പോലും റെഡ് കാറ്റഗറിയിലാണ് ഉൾപ്പെടുന്നത്.
3. നെൽവയലുകൾ നികത്തി കെട്ടിടം പണിയാൻ പറ്റില്ല. തണ്ണീർത്തട സംരക്ഷണ നിയമം മറികടക്കാൻ കഴിയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര നിയമങ്ങൾക്കും വിധേയമായതിനാൽ

**കാലാവധി അവസാനിച്ചാൽ 6 മാസത്തിനുള്ളിൽ നിയമപരമായി എടുക്കേണ്ടതായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും എടുത്തിരിക്കേണ്ടതാണ്. സാക്ഷ്യപത്രത്തിലെ നിബന്ധനകൾ ലംഘിച്ചാൽ 5 ലക്ഷം രൂപ വരെ പിഴ അടക്കേണ്ടി വരും.**







തീരദേശം, പരിസ്ഥിതി ലോല പ്രദേശങ്ങൾ എന്നിവയെ നിയമം തൊടുന്നില്ല.

4. നിയമങ്ങൾ അനുസരിക്കാതെ സ്ഥാപനം തുടങ്ങാൻ ആരും തന്നെ തയ്യാറാകില്ല. കാരണം 3 വർഷത്തിന് ശേഷം ആറ് മാസത്തിനുള്ളിൽ നിയമപ്രകാരമുള്ള എല്ലാ ലൈസൻസുകളും സമ്പാദിച്ചിരിക്കണം.
5. നികുതി വെട്ടിച്ച് വ്യവസായം നടത്താൻ സാധ്യതയുണ്ടോ. ഒരിക്കലും ഇല്ല. ജി. എസ്. റ്റി, ഭക്ഷ്യ സുരക്ഷാ നിയമങ്ങൾ, ഗുണമേന്മാ സർട്ടിഫിക്കറ്റുകളായ ഐ. എസ്. ഐ, അഗ്മാർക്ക്, ട്രേഡ് മാർക്ക് അളവ് തൂക്ക നിയമങ്ങൾ തുടങ്ങിയവ അനുസരിക്കുവാൻ സംരംഭകർ ബാധ്യസ്ഥരായിരിക്കും. ഇത്തരം കാര്യങ്ങളിൽ നിയമം ബാധകമാകുന്നതല്ല.

## കാർഷിക മേഖലയ്ക്ക് കരുത്തു പകരും

3 വർഷത്തേക്ക് ലൈസൻസ് എടുക്കാതെ സംരംഭം നടത്താം എന്ന നിയമം പ്രാബല്യത്തിൽ വരുന്നതോടെ ആയത് കാർഷിക മേഖലയ്ക്ക് കരുത്തു പകരാൻ സഹായിക്കും.

- കൂടുതൽ കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിതമാക്കാൻ സാഹചര്യം ഉണ്ടാകുന്നതോടെ കാർഷിക ഉല്പന്നങ്ങൾക്ക് വില ഉയരും. കർഷകർ കൂടുതൽ പേർ ഈ രംഗത്തേക്ക് കടന്നുവരും.
- ഗോഡൗണുകളും, ഫ്രീസിംഗ് പോയിന്റുകളും ധാരാളമായി തുടങ്ങാൻ സൗകര്യം ലഭിക്കും. വിളവെടുപ്പ് സമയത്ത് കുറഞ്ഞ വിലയ്ക്ക് ഉല്പന്നങ്ങൾ വിൽക്കേണ്ടതായി വരില്ല.
- കാർഷിക വിളകളിൽ നിന്നും വൈൻ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് അനുമതി നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത്തരം തീരുമാനങ്ങൾ ഫലപ്രദമായി നടപ്പാക്കുവാൻ ഈ നിയമം സഹായിക്കും.
- കാലവിളംബം കൂടാതെ സംരംഭങ്ങൾ തുടങ്ങാൻ കഴിയുന്നു എന്നതാണ് ഈ നിയമത്തിന്റെ കാതൽ. ലൈസൻസിനായി കാത്തിരുന്ന് സമയം കളയാതെ സംരംഭം തുടങ്ങാം. എന്നാൽ നിയമവിധേയമായി മാത്രമേ കാര്യങ്ങൾ ചെയ്യാനും കഴിയുകയുള്ളൂ.
- യുവാക്കൾക്ക് ഉത്തേജനം പകരുന്ന നിയമമാണ്

ഇത്. പഠിച്ചിറങ്ങിയാൽ സ്വന്തം നിലയിൽ ഒരു സംരംഭം എത്രയും വേഗം പ്ലാൻ ചെയ്യാനും നടപ്പാക്കാനും കഴിയുന്നു. 'സംരംഭകത്വം' എഞ്ചിനീയറിംഗ് പോലുള്ള കോഴ്സുകളുടെ ഭാഗമായിത്തന്നെ ഇപ്പോൾ പഠിപ്പിച്ച് വരുന്നുണ്ട്. ആയതിന്റെ ആവേശം നിലനിർത്തുവാൻ ഉടൻ സംരംഭം എന്നതിന് കഴിയും.

- ലൈസൻസിനായി കാത്ത് നിൽക്കാതെ സംരംഭം തുടങ്ങാൻ കഴിയും എന്നതിനാൽ പദ്ധതിചെലവ് പ്ലാൻ ചെയ്തതു പോലെ നിയന്ത്രിക്കാൻ കഴിയും.
- വിദേശ തൊഴിൽ അവസാനിപ്പിക്കുവാനും നാട്ടിൽ ബിസിനസ്സ് ചെയ്യാനും ആഗ്രഹിക്കുന്ന ധാരാളം വിദേശ മലയാളികൾ ഉണ്ട്. അവർക്ക് ഇതൊരു മികച്ച അവസരമായിരിക്കും.
- കേരളത്തിന്റെ ഭൂപ്രകൃതിക്ക് യോജിച്ച പരിസ്ഥിതി സൗഹൃദവും, ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമായ നൂതന ചെറുകിട സംരംഭങ്ങൾ വളർന്ന് വരുന്നതിന് വഴിവയ്ക്കും.
- ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലെ സംസ്ഥാനത്തിന്റെ റാങ്കിംഗ് നില ഏറെ മെച്ചപ്പെടുത്തുന്നതിന് ഈ നിയമം സഹായിക്കും.

## കേരളവും വളരട്ടെ

ആരോഗ്യ- വിദ്യാഭ്യാസ മേഖലകളിൽ മികച്ച നേട്ടം കൈവരിച്ച നമുക്ക് പക്ഷെ സംരംഭ മേഖലയിൽ കാര്യമായ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ യുവാക്കൾ തൊഴിൽ തേടി പുറത്ത് പോകുന്ന സ്ഥിതിയാണ് ഉള്ളത്. ഇന്ത്യയിൽ മറ്റ് നിരവധി സംസ്ഥാനങ്ങൾ നിയമങ്ങൾ ലഘൂകരിച്ച് കൊണ്ട് ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലെ റാങ്ക് നില പരിശോധിച്ചാൽ നമുക്ക് അത് ബോധ്യപ്പെടും. വിദേശ വരുമാനം കൊണ്ട് മാത്രം ഇനി കേരളത്തിന് മുന്നോട്ട് പോകാൻ കഴിയില്ല. വിദേശ മലയാളികൾ ഉൾപ്പെടെ നിക്ഷേപം നടത്തുന്നതിന് സന്നദ്ധരായി ധാരാളം പേർ ഉണ്ട്. ആയത് ഉപയോഗപ്പെടുത്തുവാൻ ഈ നിയമം വഴി തെളിയിക്കും. വ്യാവസായികമായി വളരാനുള്ള സാഹചര്യം അങ്ങനെ കേരളത്തിനും കൈവരും.

**നിയമങ്ങൾ അനുസരിക്കാതെ സ്ഥാപനം തുടങ്ങാൻ ആരും തന്നെ തയ്യാറാകില്ല. കാരണം 3 വർഷത്തിന് ശേഷം ആറ് മാസത്തിനുള്ളിൽ നിയമപ്രകാരമുള്ള എല്ലാ ലൈസൻസുകളും സമ്പാദിച്ചിരിക്കണം.**





### സംരംഭകത്വ വികസന ക്ലബ് കോൺക്ലേവ് 2020

# എൻലൈറ്റ് 2020

കേരള സംസ്ഥാനത്തിലുടനീളമുള്ള സ്കൂൾ തലം മുതൽ എഞ്ചിനീയറിംഗ് കോളേജ് തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭകത്വ വികസന ക്ലബ് അംഗങ്ങൾക്കായും യുവസംരംഭകർക്കുമായി കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച പ്രഥമ സംസ്ഥാനതല സംരംഭകത്വ വികസന ക്ലബ് കോൺക്ലേവ് നവീന ആശയങ്ങൾക്കൊണ്ടും, വിദ്യാർഥികളുടെയും അധ്യാപകരുടെയും സജീവ സാന്നിദ്ധ്യം കൊണ്ടും ശ്രദ്ധേയമായി.

തിരുവനന്തപുരം കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ ജനുവരി 29,30 ദിവസങ്ങളിൽ നടന്ന ദ്വിദിന കോൺക്ലേവിന് ബഹു.കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ



തിരിതെളിയിക്കുകയുണ്ടായി. പ്രസ്തുത ചടങ്ങിൽ ബഹു.വ്യവസായ കായിക യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ. ഇ.പി.ജയരാജൻ അദ്ധ്യക്ഷനായിരുന്നു.

273 വിദ്യാർഥികളും 65 അധ്യാപകരും പങ്കെടുത്ത കോൺക്ലേവിൽ വിദ്യാർഥി സംരംഭകരുടെ 60 വ്യത്യസ്തമായ ഉത്പന്നങ്ങളും സംരംഭകത്വ ആശയങ്ങളും പ്രദർശിപ്പിക്കുകയുണ്ടായി. ഉത്ഘാടന സമ്മേളനത്തിൽ നിക്ഷേപകരും ഉദ്യോഗസ്ഥരും, മാധ്യമ പ്രവർത്തകരും ഉൾപ്പെടെ 750 ആളുകൾ പങ്കെടുത്തു.

വിദ്യാർഥി സംരംഭകർ തയ്യാറാക്കിയ കാർഷിക യന്ത്രങ്ങൾ , നവീന യന്ത്രോപകരണങ്ങൾ , വൈദ്യുത വാഹനങ്ങൾ , വൈദ്യ പരിശോധനാ ഉത്പന്നങ്ങൾ എന്നിവയും മെഷീൻ ലേർണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ നൂതന മേഖലകളിലേയും ഉത്പന്നങ്ങൾ കോൺക്ലേവിൽ പ്രദർശിപ്പിക്കുകയുണ്ടായി. പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് ബദലായി പ്രദർശിപ്പിച്ച പേപ്പർ, തുണി ഉത്പന്നങ്ങൾ കോൺക്ലേവിന്റെ വ്യത്യസ്തതയായി. വിദ്യാർത്ഥിസംരംഭകർക്ക് ഉത്പ്പന്നങ്ങളും ആശയങ്ങളും വേദിയില് അവതരിപ്പിക്കാനും അവസരം



ഒരുക്കി.

പ്രമുഖ സംരംഭകനും പര്യവേഷകനും സഫാരി ചാനൽ സ്ഥാപകനുമായ ശ്രീ.സന്തോഷ്





ജോർജ്ജ് കുളങ്ങര വിദ്യാർഥികളുമായി സംരംഭകത്വ ആശയങ്ങളും യാത്രാനുഭവങ്ങളും കോൺക്ലേവിൽ പങ്കുവച്ചു. ജെൻ റോബോട്ടിക്, ഡിജിറ്റൽ ആർട്സ് അക്കാഡമി ഫോർ ദ ഡെഫ് , ഫാർമേഴ്സ് ഫ്രഷ് സോൺ എന്നീ സ്റ്റാർട്ട് അപ്പ് കമ്പനികളുടെ സാരഥികൾ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശവും സംരംഭകത്വത്തെക്കുറിച്ച് അറിവും പകർന്നു നല്കി.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് , എം.എസ്.എം.ഇ - ഡി.ഐ തൃശ്ശൂർ, കെയ്സ്, കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ, അസാപ്പ്, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് തുടങ്ങിയ സംരംഭക സഹായ സ്ഥാപനങ്ങളുടെ പദ്ധതികൾ വിദ്യാർത്ഥി സംരംഭകർക്കായി വേദിയിൽ ഒരുക്കി.

മെ. ഇന്നോവേഷൻ എക്സ്പീരിയൻസ് , മെ വികെസി ഗ്രൂപ്പ്, മെ. സുമിക്സ് കിഡ്സ് വെയർ എന്നീ സംരംഭങ്ങളുടെ വിജയഗാഥകൾ വിദ്യാർത്ഥികൾക്ക് പ്രചോദനമായി.

ടേബിൾടോപ്പ് തേങ്ങാപൊതിയന്ത്രം 'കേരനവീന'പ്രദർശിപ്പിച്ച കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിങ് കോളേജ് വിദ്യാർത്ഥികൾ ഉത്പ്പന്ന പ്രദർശനത്തിൽ ഒന്നാംസ്ഥാനത്തിന് അർഹരായി. ഇലക്ട്രിക്കൽ സൈക്കിൾ പ്രദർശിപ്പിച്ച കൊല്ലം റ്റി.കെ.എം കോളേജ് രണ്ടാം സ്ഥാനവും പ്രകൃതി സൗഹൃദ സാനിട്ടറി നാപ്കിൻ പ്രദർശിപ്പിച്ച പോത്തൻകോട് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കണ്ടറി സ്കൂൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

' ഒറ്റതവണ ഉപയോഗ പ്ലാസ്റ്റിക്ക് ഉത്പ്പന്നങ്ങൾക്കു ബദൽ'എന്ന വിഷയത്തിൽ കോൺക്ലേവിന്റെ ഭാഗമായി നടത്തിയ ഹാക്കത്തോണിൽ സെന്റ്. സേവ്യേഴ്സ് കോളേജ് ആലുവ ഒന്നാം സ്ഥാനവും, സെന്റ്. തോമസ് കോളേജ് ഓഫ് എഞ്ചിനീയറിങ് ചെങ്ങന്നൂർ രണ്ടാം സ്ഥാനവും, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ നാട്ടകം കോട്ടയം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



വിജീഷ്. എൻ. വി





# ശിൽപ്പകലയിൽ നവ സാന്നിദ്ധ്യം

കൊച്ചി സ്വദേശിയും ഇടുക്കി ജില്ലയിലെ അടിമാലിക്കടുത്ത് കത്തിപ്പാറ നിവാസിയുമാണ് രാജീവ് ചെല്ലാനം. കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫാബ്രിക് പെയിന്റിംഗ് തുടങ്ങിയ മേഖലകളിൽ സമർത്ഥനായ ശ്രീ. രാജീവ് ചെല്ലാനം ആവശ്യക്കാർക്ക് വേണ്ട പരിശീലനവും നൽകിവരുന്നു.

പ്ലാസ്റ്റർ ഓഫ് പാരീസ്, ജിപ്സം, പേപ്പറുകൾ എന്നിവ ഉപയോഗിച്ചാണ് രാജീവിന്റെ ശില്പ നിർമ്മാണം. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ശ്രീ. എ.പി.ജെ. അബ്ദുൾകലാമിന്റെ ശില്പവും, ആനയുടെയും മാനിന്റെയും ശിൽപവും ഇദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലുന്നവർക്ക് മനോഹരമായ കാഴ്ച്ചയാണ്.

വസ്ത്ര നിർമ്മാണത്തിലും, വസ്ത്രങ്ങളിൽ മനോഹരമായ പെയിന്റിംഗ് ചെയ്യുന്നതിലും ഇദ്ദേഹം വിദഗ്ദ്ധനാണ്. രാജീവിന്റെ പരിശീലനത്തിൻ കീഴിൽ ഇതിനോടകം ധാരാളം യുവതീ യുവാക്കൾ വസ്ത്രനിർമ്മാണത്തിലും ഫാബ്രിക് പെയിന്റിംഗിലും പരിശീലനം നേടിക്കഴിഞ്ഞു. ഷോർട്ട് ഫിലിം, സീരിയൽ നിർമ്മാണ രംഗത്ത് സംവിധാനം, കലാസംവിധാനം എന്നീ മേഖലകളിലും ശ്രീ. രാജീവ് പ്രവർത്തിച്ചു വരുന്നു.

മൂന്നാർ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപികയായ രാജിവിന്റെ ഭാര്യ ബിന്ദുവും ഒരു കലാകാരിയാണ്. ഇരുവരും ചേർന്ന് കഴിഞ്ഞ വേനലവധിക്കാലത്ത് അടിമാലി ആയിരം ഏക്കർ സർക്കാർ ജനതാ യു.പി. സ്കൂളിന്റെ ഭിത്തികളിൽ വർണാഭമായ ചിത്രങ്ങൾ വരച്ചത് സമൂഹത്തിന്റെ പ്രശംസ പിടിച്ചു പറ്റിയിരുന്നു.







അടിമാലിയിൽ വിദ്യാ സ്കൂൾ ഓഫ് ആർട്സ് എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങി അവിടെയായിരുന്നു പരിശീലനവും ശില്പ നിർമ്മാണവും നടത്തിയിരുന്നത്. ജോലി ലഭിക്കുന്നതിനു മുൻപ് ശ്രീ. രാജീവിനൊപ്പം ഭാര്യ ബിന്ദുവും പരിശീലന പരിപാടികൾക്കും ശില്പനിർമ്മാണത്തിനും നേതൃത്വം നൽകിയിരുന്നു.

ഇടുക്കി ജില്ലയിൽ കുടുംബശ്രീ, ജൻ ശിക്ഷൺ സൻസ്ഥാൻ, എം.എസ്.എം.ഇ. എന്നീ സർക്കാർ ഏജൻസികളുടെ റിസോഴ്സ് പേഴ്സൺ ആണ് ശ്രീ. രാജീവ് ചെല്ലാനം. ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ വിവിധ ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടിയിൽ ശ്രീ. രാജീവ് പുതു സംരംഭകരെ വാർത്തെടുക്കുന്നതിൽ നിർണ്ണായക സംഭാവനകൾ നൽകി വരുന്നു.

കരകൗശല മേഖലയിലെ പരിശീലനത്തിനായി ശ്രീ. രാജീവ് ചെല്ലാനവുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

**വിലാസം:**

ശ്രീ. രാജീവ് ചെല്ലാനം,
വിദ്യ സ്കൂൾ ഓഫ് ആർട്ട്സ്,
അടിമാലി പി.ഒ.
(ഫോൺ നമ്പർ: 8606454263).

**(ദേവികുളം വ്യവസായ വികസന ഓഫീസറാണ് ലേഖകൻ ഫോൺ: 9495471074)**



# പ്രഗതി 2020

പ്രകൃതി ദത്ത ചായങ്ങൾ പ്രധാനമായും സസ്യങ്ങളിൽ നിന്നും മൃഗങ്ങളിൽ നിന്നും ധാതുക്കളിൽ നിന്നുമാണ് ലഭ്യമാകുന്നത്. സസ്യ വിഭവശേഷിയിൽ നിന്നും ലഭിക്കുന്ന പ്രകൃതിദത്ത ചായങ്ങൾ മുഖ്യമായും പച്ചക്കറികളിൽ നിന്നും ഫലവർഗ്ഗങ്ങളിൽ നിന്നുമുളളവയാണ്. സസ്യങ്ങളുടെ വേരുകൾ, തണ്ടുകളുടെ പുറംതൊലികൾ, പൂവുകൾ, കുരുവില്ലാപഴങ്ങൾ, ചില പായലുകൾ, പൂപ്പലുകൾ എന്നിവയിൽ നിന്നൊക്കെയാണ് പ്രകൃതി ദത്ത ചായങ്ങൾ നിർമ്മിക്കുന്നത്.

മനുഷ്യ ചർമ്മത്തിന് യാതൊരു വിധത്തിലുളള ദോഷവും ഉണ്ടാക്കുന്നില്ല എന്നുളളതാണ് പ്രകൃതിദത്ത ചായങ്ങളുടെ പ്രധാന ഗുണമേന്മ. വിശാലശ്രേണിയിലുളള ഔഷധഗുണങ്ങളുളള പ്രകൃതിദത്ത ചായങ്ങൾക്ക് സൂക്ഷ്മ കീടാണുക്കളെ പോലും പ്രതിരോധിക്കുന്നതിനും കഴിയുന്നു. വിവിധ വർണ്ണങ്ങളിൽ ഇവയുടെ ലഭ്യതയും കൂടുതലാണ്. മനുഷ്യപ്രയത്നത്താലുളള ഉല്പാദന പ്രക്രിയയായതിനാൽ പ്രകൃതിദത്ത ചായങ്ങളുടെ നിർമ്മാണത്തിൽ ഒട്ടുംതന്നെ മലിനീകരണം ഇല്ല എന്നുളളതും, ഊർജ്ജ സംരക്ഷണത്തിനും കൂടുതൽ തൊഴിൽ സാധ്യതയ്ക്കും ഈ മേഖലയിൽ സാധ്യതയുണ്ട് എന്നുളളതും പ്രത്യേകതകളാണ്.

ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ചർമ്മ സംരക്ഷണത്തിനും പലതരം അലർജി രോഗങ്ങളിൽ നിന്നുളള പ്രതിരോധവുമാണ് പ്രകൃതിദത്ത ചായം മുക്കിയ ഓർഗാനിക് കോട്ടൺ വസ്ത്രങ്ങളുടെ ഉപയോഗം.

ലോക വസ്ത്രവ്യാപാര രംഗത്ത് കേരളത്തിന്റെ പരമ്പരാഗത കൈത്തറി നെയ്ത് മേഖലയുടെ സംഭാവന നിസ്തുലമാണ്. ഈ മേഖലയിൽ നിന്നും നൂതനങ്ങളും വ്യത്യസ്തങ്ങളുമായ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് ബഹു: കേരള സർക്കാരിന്റെ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ വിവിധ കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നെയ്ത്തു തൊഴിലാളികൾക്ക് ഓർഗാനിക് കോട്ടണിൽ പ്രകൃതിദത്ത ചായങ്ങൾ മുക്കി കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കുന്നതിന് പ്രത്യേകം പരിശീലനം സർക്കാർ സംഘടി പ്പിച്ചിട്ടുണ്ട്.ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്




ഹാൻ്റ്ലൂം ടെക്നോളജി, കണ്ണൂരിന്റെ ഭാഗമായ തിരുവനന്തപുരം, ബാലരാമപുരം സെന്ററിലെ ടെക്നിക്കൽ ഓഫീസർ ആയ ശ്രീ.ഷാജിയുടെ മേൽനോട്ടത്തിലും പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളിലൂടെയുമാണ് ഈ നെയ്ത്ത് തൊഴിലാളികൾക്ക് ഓർഗാനിക് കോട്ടൺ വീവിംഗിൽ സാങ്കേതിക പരിശീലനം നൽകിയിട്ടുള്ളത്.വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഇവർ തുടർന്ന് 6 മാസക്കാലം വ്യത്യസ്തങ്ങളായ ഓർഗാനിക് കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുകയുണ്ടായി .നിലവിലെ വസ്ത്രവിപണിയിലെ ട്രെൻഡുകളായ ഓർഗാനിക് കൈത്തറി സാരികൾ, ധോത്തികൾ, ഷർട്ടിങ്ങുകൾ, ചുരിദാർ സെറ്റുകൾ, ബെഡ്ഷീറ്റുകൾ തുടങ്ങിയ വിവിധങ്ങളായ ഓർഗാനിക് കൈത്തറി വസ്ത്രഉൽപ്പന്നങ്ങളാണ് ഇത്തരത്തിൽ നെയ്തെടുത്തിട്ടുള്ളത്.

സംസ്ഥാനത്ത് നിലവിൽ പരമ്പരാഗത സഹകരണ കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന 'മേൽത്തറി'കളിൽ ഘടനാ മാറ്റങ്ങൾ ഉണ്ടാകാതെ തന്നെ 400 തറികളിൽ നിലവിൽ ഓർഗാനിക് ഡൈ ചെയ്ത കോട്ടൺ നൂൽ ഉപയോഗിച്ച് വിവിധ തരം വസ്ത്രങ്ങൾ നെയ്തു വരുന്നു. എൻ.എച്ച്.ഡി.സി വഴി സർട്ടിഫൈ ചെയ്ത ഓർഗാനിക് കോട്ടൺ ലഭ്യമാക്കി അതിൽ പ്രകൃതിദത്ത ചായം ചേർത്ത്, ടെക്നിക്കൽ കമ്മിറ്റിയുടെ വിവിധ ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് ഇത്തരത്തിലുള്ള വസ്ത്ര നിർമ്മാണം നടത്തിയിട്ടുള്ളത്. അത്തരത്തിൽ നവജാത ശിശുക്കൾക്കുള്ള ക്ലോത്തിങ്ങുകൾ, ടൗവലുകൾ, ബെഡ്ഷീറ്റുകൾ, ഓർഗാനിക് സാരികൾ, ധോത്തികൾ, ചുരിദാർ സെറ്റുകൾ, യോഗ മാറ്റുകൾ, പില്ലോ കവറുകൾ തുടങ്ങി പ്രതിവർഷം 4.5 ലക്ഷം മീറ്റർ ഓർഗാനിക് കോട്ടൺ കൈത്തറി വസ്ത്രങ്ങൾ നിർമ്മിച്ചു നൽകാൻ നിലവിലെ സംവിധാനം കൊണ്ട് സാധിക്കും.

ഇത്തരത്തിൽ സർക്കാർ കൂടി പങ്കാളിയായി പ്രകൃതിദത്ത ചായം മുക്കിയ ഓർഗാനിക് കോട്ടണിൽ നെയ്തെടുത്ത കൈത്തറി വസ്ത്രങ്ങളുടെ ഔദ്യോഗിക പ്രഖ്യാപനമാണ് തിരുവനന്തപുരം ഹോട്ടൽ ഹൈസിന്തിൽ വച്ച് കേരളത്തിന്റെ ബഹു.വ്യവസായ കായിക യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. ഇ.പി ജയരാജൻ നിർവ്വഹിച്ചിട്ടുള്ളത്.

ആരോഗ്യ സംരംക്ഷണത്തിന് ജൈവ വസ്ത്രം എന്ന ബ്രാൻഡ് സൃഷ്ടിക്കണമെന്നും വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി പറഞ്ഞു. സംസ്ഥാന കൈത്തറി ഡയറക്ടറേറ്റും ജില്ലാ വ്യവസായ കേന്ദ്രം തിരുവനന്തപുരവും വീവേഴ്സ് വില്ലേജുമായി സഹകരിച്ച് പ്രഗതി 2020 എന്ന ഓർഗാനിക് കോട്ടൺ വസ്ത്ര ഉൽപ്പന്നങ്ങളുടെ ഫാഷൻ ഷോയും ബിസിനസ് മീറ്റും ബഹു. മന്ത്രി ഉദ്ഘാടനം ചെയ്തു.

മനുഷ്യന്റെ ശരീരോഷ്മാവ് നിലനിർത്തുന്നതിനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും കൈത്തറിക്ക് കഴിയും. കോട്ടൺ ഉപയോഗിച്ച് കൺമുന്നിൽ വച്ച് വസ്ത്രങ്ങളുണ്ടാക്കി വിൽക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു സ്ഥാപനം



തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്നും മന്ത്രി പറഞ്ഞു. കേരള ഹാന്റ്‌ലൂം 2020 കലണ്ടർ മന്ത്രി തിരുവനന്തപുരം മേയർ കെ ശ്രീകുമാറിന് നൽകി പ്രകാശനം ചെയ്തു. ഓർഗാനിക് കോട്ടൺ വസ്ത്രങ്ങളുടെ ചരിത്രം പറയുന്ന ഡോക്യുമെന്ററിയുടെ പ്രദർശനം നടന്നു. പ്രദർശന നഗരിയിൽ സ്ഥാപിച്ചിരുന്ന ചർക്കയിൽ മന്ത്രി നൂൽ നൂൽക്കുകയും ചെയ്തു.

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സി.എസ് സിമി സ്വാഗതം പറയുകയും കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ കെ സുധീർ, തിരുവനന്തപുരം സ്പിന്നിംഗ് മിൽ ചെയർമാൻ എം.എം ബഷീർ എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രസ്തുത യോഗത്തിൽ തിരുവനന്തപുരം മേയർ കെ. ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു.

ഓർഗാനിക് വസ്ത്രങ്ങൾ തയ്യാറാക്കിയതിന് ശേഷം ബാക്കി വരുന്ന തുണി ഉപയോഗിച്ച് ബാഗ്, തൂവാല, അലങ്കാര വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുവാൻ സാധിക്കും. ഇത്തരം ഉൽപ്പന്നങ്ങളുടെ പ്രദർശനവും ഷോയുടെ ഭാഗമായി ഒരുക്കിയിരുന്നു. കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാരും ഷോയിൽ പങ്കെടുത്തു. കൈത്തറി വസ്ത്രങ്ങളണിഞ്ഞെത്തിയ ബോളിവുഡ് നടിയും നർത്തകിയുമായ ഇഷ ഷെർവാനി, മകൻ ലൂക്കോ, നടൻ നീരജ് മാധവ് തുടങ്ങിയവരായിരുന്നു ഷോയുടെ മറ്റൊരു ആകർഷണം.

ഓർഗാനിക് കോട്ടൺ ഉപയോഗിച്ച് കൈത്തറിയിൽ നെയ്ത്ത് ഓർഗാനിക് ഡൈ ചെയ്ത വസ്ത്രങ്ങൾ ഗൗരവ് സിംഗ് ( അനാട്ടമി ) സാക്ഷി (പ്രഹാർ ടാഹ് ) അൻവിദാ ( ടു പോയിന്റ് ടു സ്റ്റുഡിയോ) നേഹ സിങ് ( പോട് പുരി) ശോഭ വിശ്വനാഥ് ( വീവേഴ്സ് വില്ലേജ് ) തുടങ്ങിയ ഡിസൈനർമാർ രൂപ കൽപ്പന ചെയ്ത വസ്ത്രങ്ങളാണ് ഷോയിൽ ഉപയോഗിച്ചത്.

ഓർഗാനിക് കോട്ടൺ വസ്ത്രങ്ങളെക്കുറിച്ചും അതിന്റെ വിപണനം ഉൽപ്പാദനം ഓൺലൈൻ വ്യാപാരം എന്നിവയെക്കുറിച്ച് സെമിനാറും സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത സെമിനാറിൽ ശ്രീ. സുരേന്ദ്രകുമാർ ( Top Designer , Creative Director Amazon ) ശ്രീ. ഫൈസൽ( complaints advisor for various International textile standards ) ശ്രീ. രാജേഷ് ( Counting Head GCI International UK Based Organic certification Agency ) എന്നിവർ പങ്കെടുക്കുകയും പ്രസ്തുത സെമിനാറിൽ കെ.എസ്.റ്റി.സി മാനേജിംഗ് ഡയറക്ടർ കെ.ടി ജയരാജൻ മോഡറേറ്റർ ആയിരുന്നു. തുടർന്ന് ഓർഗാനിക് വസ്ത്ര വ്യാപാര രംഗത്തെ പ്രമുഖ വ്യാപാരികളെ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു ബിസിനസ് ടു ബിസിനസ് മീറ്റും നടന്നു. ഓർഗാനിക് വസ്ത്രങ്ങളുടെ ഉൽപ്പാദനവും, വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും , അതിന് വേണ്ടിയുള്ള നൂതന സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്നതിനും തുടർന്നും ഇത്തരം സെമിനാറുകളും, ബിസിനസ് ടു ബിസിനസ് മീറ്റും സംഘടിപ്പിക്കണമെന്നും തീരുമാനിച്ചു. പ്രസ്തുത ബി ടു ബി മീറ്റിൽ 50 കോടി രൂപയ്ക്കുള്ള ഓർഗാനിക് വസ്ത്ര വ്യാപാരത്തിന് കരാറാവുകയും ചെയ്തു.

മനോജ് മാതിരപ്പള്ളി


# ആത്മവിശ്വാസം കൈമുതലാക്കിയ യുവസംരംഭകൻ





പാലാ-ഈരാറ്റുപേട്ട റൂട്ടിൽ ഭരണങ്ങാനത്തിനടുത്തുള്ള പനയ്ക്കപ്പാലത്തെ ചള്ളാവയലിൽ ജെല്ലു സേവ്യർ എന്ന യുവസംരംഭകൻ ഇന്നൊരു മാതൃകയാണ്. പല തരത്തിലുള്ള പ്രതിസന്ധികളെ നേരിടുകയും ലക്ഷങ്ങളുടെ സാമ്പത്തികനഷ്ടം ഉണ്ടാവുകയും ചെയ്തിട്ടും സ്വന്തം സംരംഭമെന്ന സ്വപ്നവുമായി മുന്നോട്ടു പോവുകയും കൃത്യമായ കാഴ്ചപ്പാടോടെ വിജയപഥത്തിൽ എത്തുകയും ചെയ്ത ചെറുപ്പക്കാരൻ. വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യകൃഷി ആരംഭിക്കുകയും, പിന്നീട് മൂല്യവർദ്ധിത മത്സ്യോത്പന്നങ്ങളുടെ നിർമ്മാണത്തിലേക്ക് കടക്കുകയും ചെയ്ത ജെല്ലു ഇപ്പോൾ നാടെങ്ങും അറിയപ്പെട്ടു തുടങ്ങിയിരിക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടും ഏതു പ്രതിസന്ധിയിലും കൈവിടാത്ത ആത്മവിശ്വാസവും കഠിനാദ്ധ്വാനശേഷിയുമാണ് ജെല്ലുവിന്റെ കൈമുതൽ.

എൻജിനീയറിംഗും എംബിഎയുമൊക്കെ



കഴിഞ്ഞപ്പോൾ ഏതെങ്കിലുമൊരു കമ്പനിയിൽ ജോലിക്ക് ചേരാമായിരുന്നുവെങ്കിലും ജെല്ലുവിന്റെ മനസ്സ് മുഴുവൻ മീനച്ചിലാറിന്റെ തീരത്തുള്ള സ്വന്തം നാട്ടിലായിരുന്നു. അങ്ങനെയാണ് ഫിഷ് ഫാം എന്ന കാർഷികസംരംഭത്തെക്കുറിച്ചുള്ള ചിന്തയുദിച്ചത്. വീടിനടുത്തുകൂടി ഒഴുകുന്ന മീനച്ചിലാറ്റിൽ സ്കൂൾ പഠനകാലം മുതൽ ചൂണ്ടയിട്ട് മീൻപിടിച്ചിരുന്ന അനുഭവം മാത്രമാണ് ആകെയുണ്ടായിരുന്ന മുൻപരിചയം. ഇതേ അനുഭവങ്ങൾ തന്നെയാണ് ഫിഷ് ഫാമിന്റെ വാണിജ്യസാധ്യതകൾ ജെല്ലുവിന് മുന്നിൽ തുറന്നുവെച്ചതെന്നും നിസംശയം പറയാം. അതേസമയം, മീനച്ചിലാറ്റിലെ ചൂണ്ടയിടൽപോലെ കരയ്ക്കിരുന്ന് മാത്രം മീൻ പിടിക്കാൻ കഴിയില്ലെന്നും സ്വന്തം സംരംഭം ഈ ചെറുപ്പക്കാരനെ പഠിപ്പിച്ചു.

## തിരിച്ചടികളോടെ തുടക്കം

2017 അവസാനമാണ് ലക്ഷങ്ങളുടെ മുതൽമുട




ക്കുമായി ജെല്ലു തന്റെ ഫിഷ് ഫാമിന് തുടക്കം കുറിക്കുന്നത്. ഇതിനുവേണ്ടി വലിയ കുളങ്ങൾ നിർമ്മിച്ചു. അത്യാധുനിക രീതിയിലുള്ള ഫിൽട്ടർ സംവിധാനം ഒരുക്കി. ആയിരക്കണക്കിന് മികച്ചയിനം കരിമീൻ കുഞ്ഞുങ്ങളെ കുളത്തിൽ നിക്ഷേപിച്ചു. 'താൽപ്പര്യമുള്ള മേഖലയാണെങ്കിലും ഈ രംഗത്ത് ശാസ്ത്രീയമായ പരിശീലനം നേടിയ ശേഷമാണ് ഞാൻ മത്സ്യവളർത്തൽ ആരംഭിച്ചത്. ഇതിന്റെ ഭാഗമായി, വിവിധ സർക്കാർ വകുപ്പുകൾ നടത്തിയിരുന്ന പരിശീലന പരിപാടികളിൽ ഞാനും പപ്പ രാജു സേവ്യറും പങ്കെടുത്തു. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും പ്രായോഗികമായ അറിവുകൾ നേടിയത് ഇത്തരം പരിശീലനങ്ങളിൽനിന്നുമാണ്'; സംരംഭത്തിലേക്കുള്ള തന്റെ കടന്നുവരവ് എങ്ങനെയായിരുന്നുവെന്ന് ജെല്ലു ഓർമ്മിച്ചെടുത്തു.

എന്നാൽ, ഏതൊരു പുതുസംരംഭകനെയും നിരാശയുടെ ഇരുണ്ട ലോകത്തേക്ക് പുറന്തള്ളിയേക്കാമായിരുന്ന അനുഭവങ്ങളാണ് ജെല്ലുവിനെ കാത്തിരുന്ന



**പെല്ലറ്റ് പീസുകളും സ്വയം വളർത്തിയെടുക്കുന്ന അസോള പോലെയുള്ള പായലുകളും മീനുകൾക്ക് തീറ്റയായി നൽകും. പായൽ തിന്നുന്ന മത്സ്യങ്ങളുടെ രുചി കൂടുമെന്നാണ് ജെല്ലുവിന്റെ അനുഭവം. മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ആറാം മാസം മുതൽ വിളവെടുപ്പ് തുടങ്ങും. ഈ സമയം ഓരോ മത്സ്യത്തിനും കുറഞ്ഞത് 300-350 ഗ്രാം ഭാരമുണ്ടാവും.**

ത്. 2018-ൽ അവിചാരിതമായെത്തിയ മഹാപ്രളയം ഈ ചെറുപ്പക്കാരന്റെ സ്വപ്നങ്ങളത്രയും തുടച്ചുനീക്കി. കിഴക്കൻമലകളിൽനിന്നും ഒഴുകിയെത്തിയ പ്രളയജലത്തിൽ മീനച്ചിലാർ കരകവിഞ്ഞൊഴുകി. ചരിത്രത്തിൽ ആദ്യമായി ജെല്ലുവിന്റെ പുരയിടത്തിൽ ആറും ഏഴും അടി ഉയരത്തിൽ വെള്ളംകയറി. മറ്റു സ്ഥലങ്ങളിൽനിന്നും വ്യത്യസ്തമായി ജലനിരപ്പ് പെട്ടെന്ന് ഉയർന്നതിനാൽ മീൻകുഞ്ഞുങ്ങളെയൊന്നും രക്ഷിക്കാനായില്ല. വിളവെടുപ്പിന് പാകമായ മുഴുവൻ കരിമീനുകളും ഒന്നുപോലും ശേഷിക്കാതെ ഒഴുകിപ്പോയപ്പോൾ കുളങ്ങളും ഫിൽട്ടർ സംവിധാനവുമെല്ലാം വെള്ളപ്പാച്ചിലിൽ നശിച്ചു. പത്തുലക്ഷത്തോളം രൂപയുടെ നഷ്ടമാണ് ഇത്തരത്തിൽ ഉണ്ടായത്.



ഒഴുകിപ്പോയ സ്വപ്നങ്ങളുടെയും നഷ്ടങ്ങളുടെയും കണക്കെടുത്തുകൊണ്ട് കാലം കഴിക്കാനല്ലായിരുന്നു ജെല്ലുവിന്റെ തീരുമാനം. അങ്ങനെ, പഠിച്ച പാഠങ്ങളുടെ പശ്ചാത്തലത്തിൽ പിന്നെയും അടിസ്ഥാനസൗകര്യങ്ങളൊരുക്കി. ഏതു വെള്ളപ്പൊക്കത്തെയും അതിജീവിക്കാൻ കഴിയുന്ന തരത്തിൽ കുളങ്ങളെല്ലാം കൂടുതൽ ശ്രദ്ധയോടെ പുനർനിർമ്മിച്ചു. പിന്നെയും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. കുളങ്ങൾക്കു മീതേ ചെറിയ കണ്ണിയുള്ള വലവിരിച്ചു. എന്നാൽ, അപ്പോഴും ആഹ്ലാദകരമായ അനുഭവങ്ങളായിരുന്നില്ല ജെല്ലുവിനെ വരവേറ്റത്. 2019-ലെ പ്രളയത്തിലും മീനച്ചിലാറും പുരയിടവും മീൻകുളങ്ങളും നിറഞ്ഞൊഴുകി. ഇത്തവണയും ലക്ഷങ്ങളുടെ നഷ്ടം സംഭവിച്ചു. അതേസമയം, വേണ്ടത്ര മുൻകരുതലോടെ നിർമ്മിച്ചതിനാൽ കുളങ്ങൾക്കൊന്നും കേടുപാട് സംഭവിക്കാതിരുന്നത് വലിയ ആശ്വാസമായി. ഇതോടൊപ്പം ചെറിയൊരു ശതമാനം മീനുകളെയെങ്കിലും സംരക്ഷിക്കാനും കഴിഞ്ഞു.

## യാഥാർത്ഥ്യമാകുന്ന സ്വപ്നങ്ങൾ

രണ്ടു പ്രളയങ്ങൾ പിന്നിട്ട്, എല്ലാ വെല്ലുവിളികളെയും അതിജീവിച്ച് വിജയത്തിന്റെ തീരം കണ്ടവയാണ് ജെല്ലുവിന്റെ സ്വപ്നങ്ങൾ. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ 'അക്വാചിക്കൻ' എന്നറിയപ്പെടുന്ന ഗിഫ്റ്റ് (ജനിറ്റിക്കലി ഇംപ്രൂവ്ഡ് ഫാംഡ് തിലാപ്പിയ) മത്സ്യങ്ങളെയാണ് ഇപ്പോൾ ഇവിടെ വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നത്. 'മത്സ്യവളർത്തലിനായി അഞ്ചു വലിയ കുളങ്ങളുണ്ട്. പതിനയ്യായിരം ലിറ്റർ മുതൽ രണ്ടര ലക്ഷം ലിറ്റർ വരെ വെള്ളം ഇവയിൽ സംഭരിക്കാം. പുതിയതായി വാങ്ങുന്ന മത്സ്യക്കുഞ്ഞുങ്ങളെ ആദ്യം ചെറിയ കുളത്തിലാണ് ഇടുന്നത്. പിന്നീട് അവയുടെ വളർച്ചയനുസരിച്ച് മറ്റു കുളങ്ങളിലേക്ക് മാറ്റും. എല്ലാ മീനുകളും ഒരേപോലെ വളരാനാണ് ഈ രീതി അവലംബിക്കുന്നത്'. ജെല്ലു തന്റെ പ്രായോഗിക സമീപനത്തെക്കുറിച്ച് പറയുന്നു.

പെല്ലറ്റ് പീസുകളും സ്വയം വളർത്തിയെടുക്കുന്ന അസോള പോലെയുള്ള പായലുകളും മീനുകൾക്ക് തീറ്റയായി നൽകും. പായൽ തിന്നുന്ന മത്സ്യങ്ങളുടെ







രുചി കൂടുമെന്നാണ് ജെല്ലുവിന്റെ അനുഭവം. മീൻകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ആറാം മാസം മുതൽ വിളവെടുപ്പ് തുടങ്ങും. ഈ സമയം ഓരോ മത്സ്യത്തിനും കുറഞ്ഞത് 300–350 ഗ്രാം ഭാരമുണ്ടാവും. എട്ടാം മാസമാകുമ്പോഴേയ്ക്കും ശരാശരി ഒരു കിലോഗ്രാമിലെത്തും. വർഷം മുഴുവനും മത്സ്യങ്ങളെ ലഭിക്കുന്ന തരത്തിലാണ് ഇപ്പോൾ അവയെ വിവിധ കുളങ്ങളിലായി വളർത്തുന്നത്. ഹൈ ഡെൻസിറ്റി ഫാമിംഗ് ആയതിനാൽ കുറഞ്ഞ സ്ഥലത്തുനിന്നും കൂടുതൽ വരുമാനം ഉണ്ടാക്കാൻ കഴിയുന്നുവെന്നതാണ് ഏറ്റവും വലിയ നേട്ടം. ആദ്യമെല്ലാം സമീപവാസികൾ മാത്രമാണ് ഇവിടെനിന്നും മത്സ്യങ്ങൾ വാങ്ങിയിരുന്നതെങ്കിൽ ക്രമേണ സ്ഥിതിമാറി. ഇപ്പോൾ ഓരോ ദിവസവും സമീപജില്ലകളിൽ നിന്നുപോലും ആളുകൾ എത്താറുണ്ട്. ഇതോടൊപ്പം വലിയ ഓർഡറുകളും ലഭിക്കുന്നു. മത്സ്യത്തിന്റെ ഗുണമേന്മയും ന്യായവിലയുമാണ് ഇതിന് സഹായകമായത്.

സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ (എംപിഇഡിഎ) കീഴിൽ പ്രവർത്തിക്കുന്ന രാജീവ്ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചറിന്റെ (ആർജിസിഎ) വല്ലാർപാടം കേന്ദ്രത്തിൽനിന്നാണ് തനിക്ക് ആവശ്യമായ മുഴുവൻ മത്സ്യക്കുഞ്ഞുങ്ങളെയും ജെല്ലു വാങ്ങുന്നത്. 'ഇങ്ങനെ ലഭിക്കുന്ന മീനു

**മത്സ്യവളർത്തൽ ലാഭകരമായ സംരംഭമായി വളർന്നതോടെ രണ്ടാംഘട്ടമെന്ന നിലയിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തെക്കുറിച്ചും ആലോചിച്ചു തുടങ്ങി. അങ്ങനെ, തിലാപ്പിയയിൽ നിന്നുള്ള ഫിഷ് കട്‌ലറ്റും ഫിഷ് റോളും സമൂസയും വിപണിയിലെത്തിച്ചു.**



കൾക്ക് പല തരത്തിലുള്ള ഗുണങ്ങളുമുണ്ട്. ആദ്യത്തേത്, ഇവയുടെ പെട്ടെന്നുള്ള വളർച്ചാശേഷിയാണ്. ഉയർന്ന രോഗപ്രതിരോധശേഷിയാണ് മറ്റൊരു പ്രത്യേകത. ഒരുതരത്തിലുള്ള അസുഖങ്ങളും ഇവയ്ക്ക് ഉണ്ടാവില്ലെന്ന് തന്നെ പറയാം. മാത്രവുമല്ല, ആയിരം കുഞ്ഞുങ്ങളെ വാങ്ങിയാൽ അതിൽനിന്നും പത്തെണ്ണത്തിൽ കൂടുതൽ ചത്തുപോവുകയില്ല'; ജെല്ലുവിന്റെ ഓരോ വാക്കുകൾക്കും അനുഭവത്തിന്റെ ആഴമുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ നാലിൽ മൂന്നുഭാഗവും ചത്തുപോകുന്നതാണ് പലരുടെയും അനുഭവം.

## മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം

മത്സ്യവളർത്തൽ ലാഭകരമായ സംരംഭമായി വളർന്നതോടെ രണ്ടാംഘട്ടമെന്ന നിലയിൽ മൂല്യവർദ്ധിത ഉത്പന്നനിർമ്മാണത്തെക്കുറിച്ചും ആലോചിച്ചു തുടങ്ങി. അങ്ങനെ, തിലാപ്പിയയിൽ നിന്നുള്ള ഫിഷ് കട്‌ലറ്റും ഫിഷ് റോളും സമൂസയും വിപണിയിലെത്തിച്ചു. പാചക പാരമ്പര്യത്തിന്റെ മീനച്ചിൽ ശൈലിയിൽ അതീവവൈദഗ്ധ്യമുള്ള അമ്മ ലീലമ്മയ്ക്കാണ് ഇതിന്റെ മേൽനോട്ടം. ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിലായിരുന്നു നിർമ്മാണമെങ്കിലും ഉപഭോക്താക്കളിൽനിന്നും ലഭിച്ച പ്രതികരണം വലിയ ഊർജ്ജമായി മാറി. ഇതോടെ, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം വിപുലമാക്കി. സുഹൃത്തുക്കളെയും പ്രദേശവാസികളെയും കേന്ദ്രീകരിച്ചാണ് വിൽപ്പന ആരംഭിച്ചതെങ്കിലും ഏറെ വൈകാതെ ആളുകൾ അന്വേഷിച്ചെത്താൻ തുടങ്ങി. ഇപ്പോൾ, കല്യാണമായാലും മാമ്മോദീസയായാലും ഈ മേഖലയിലെ എല്ലാ ആഘോഷച്ചടങ്ങുകളിലും ജല്ലുവിന്റെ നിർമ്മാണകേന്ദ്രത്തിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഒഴിവാക്കാനാവാത്ത വിഭവമാണ്. ഈ പേരും പെരുമയും അനുദിനം മറ്റു ജില്ലകളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു.

ഒരു കിലോഗ്രാം ഭാരമുള്ള തിലാപ്പിയയിൽനിന്നും 30 ഫിഷ് റോളോ അല്ലെങ്കിൽ അത്രയും തന്നെ ഫിഷ് കട്‌ലറ്റോ നിർമ്മിക്കാം. വലിയ മത്സ്യമായതിനാൽ മുള്ളും മാംസവും എളുപ്പത്തിൽ വേർതിരിച്ചെടുക്കാൻ കഴിയുമെന്നതും ഗുണകരമാണ്. ഈ മേഖലയിലെ വലിയ സാധ്യതകൾ മുന്നിൽ കണ്ട് മത്സ്യവളർത്തലും അവയെ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണവും കൂടുതൽ വിപുലമാക്കാനാണ് ജല്ലുവിന്റെ ശ്രമം. ഉത്പന്നങ്ങളുടെ വൈവിധ്യം വർദ്ധിപ്പിക്കുകയെന്നതും ഇതിന്റെ ഭാഗമാണ്. മത്സ്യവ




ളർത്തലിലും സംസ്കരണത്തിലും സഹായത്തിനായി ജല്ലുവിന്റെ ഫാമിൽ ഇപ്പോൾ ഏതാനും ജീവനക്കാരുമുണ്ട്. ഇതോടൊപ്പം, പപ്പ രാജു സേവ്യറും അമ്മ ലീലമ്മയും ഭാര്യ ജീനയും എന്തിനും ഏതിനും ഈ ചെറുപ്പക്കാരനോട് ചേർന്നുനിൽക്കുന്നു. ഇവർ നൽകുന്ന പിന്തുണയുടെ കരുത്തിലാണ് എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് തന്റെ സ്വപ്നസംരംഭത്തെ കൈപിടിച്ചുയർത്താൻ ജല്ലുവിന് സാധിച്ചത്.

മത്സ്യവളർത്തലിൽ താൽപ്പര്യവുമായി നേരിട്ടും അല്ലാതെയും ഓരോ ദിവസവും തന്നെ സമീപിക്കുന്നവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ജല്ലു മടികാണിക്കാറില്ല. അതേസമയം, തന്റെ കഴിഞ്ഞകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു കാര്യം അടിവരയിട്ട് ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു; 'യൂട്യൂബിലും മറ്റും കാണുന്ന വീഡിയോകളുടെയും സമാനമായ റിപ്പോർട്ടുകളുടെയും പശ്ചാത്തലത്തിൽ മത്സ്യവളർത്തലിലൂടെ എളുപ്പത്തിൽ പണമുണ്ടാക്കാമെന്നാണ് പലരുടെയും കണക്കുകൂട്ടൽ. എന്നാൽ, ഇങ്ങനെ കേൾക്കുകയും കാണുകയും ചെയ്യുന്നത്ര എളുപ്പമല്ല സ്വന്തമായൊരു ഫിഷ് ഫാം തുടങ്ങി വിജയിപ്പിച്ചെടുക്കുക എന്നത്. നേരിട്ടിറങ്ങുമ്പോൾ പല തരത്തിലുള്ള പ്രായോഗിക ബുദ്ധികളെയും നേരിടേണ്ടിവരും. എന്നുവെച്ചാൽ, പുഴക്കരയിലിരുന്ന് ചൂണ്ടയിട്ട് മീൻപിടിക്കുന്നത്രയും എളുപ്പമല്ല കാര്യങ്ങളെന്ന് ചുരുക്കം'.




ഡോ. ശചീന്ദ്രൻ. വി

# സംരഭകത്വ വിദ്യാഭ്യാസം
## (Entrepreneurship Education)
## എന്ത്, എന്തിന് ?



ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയും വികസനവും നിർണയിക്കുന്നതിലെ സുപ്രധാനമായ ഘടകമാണ് സംരംഭകത്വം. സംരംഭകർ വിഭവങ്ങൾ സമാഹരിക്കുകയും അവ ഉപയോഗിച്ച് സാധനങ്ങളും സേവനങ്ങളും ഉത്പാദിപ്പിച്ചു വിതരണം നടത്തുന്നതിലൂടെയാണ് സാമ്പത്തിക മേഖല കരുത്താർജിക്കുന്നത്. വിവിധങ്ങളായ വിഭവങ്ങളെ ഏറ്റവും കാര്യക്ഷമവും മികവുറ്റതുമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിലൂടെ സാമ്പത്തിക രംഗം മികച്ച തലത്തിലേക്ക് വളരുന്നു. അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, ദാരിദ്ര്യ നിർമാർജനം നടത്താനും, മേഖല തലത്തിലുള്ള വളർച്ചയിലുള്ള അസമത്വങ്ങൾ ഇല്ലാതാക്കാനും, ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും സംരംഭകത്വത്തിനു സാധിക്കുന്നു.

സംരംഭകത്വത്തിനു നേതൃത്വം നൽകുന്നത് സംരംഭകരാണ്. അതിനാൽ സംരംഭകരെ സൃഷ്ടിക്കേണ്ടതും വളർത്തേണ്ടതും വളരെ അത്യാവശ്യമാണ്. പൊതുവിൽ സംരംഭകത്വത്തെ തടസ്സപ്പെടുത്തുന്ന കാരണങ്ങൾ ഏതെല്ലാമെന്ന് ചോദിച്ചാൽ ഭൗതിക സാഹചര്യങ്ങളുടെ അഭാവവും സംവിധാനങ്ങളുടെ പോരായ്മകളുമാണ് ചൂണ്ടിക്കാട്ടാറുള്ളത്. എന്നാൽ കൃത്യമായ അറിവും അവബോധവും, ശരിയായ മനോഭാവവും ഉണ്ടെങ്കിൽ ഏതൊരു പ്രതികൂല സാഹചര്യത്തെയും മറികടക്കാനും, സംരംഭകത്വത്തെ



യാഥാർഥ്യമാക്കാനും കഴിയും എന്നാണ് ചരിത്രം വ്യക്തമാക്കുന്നത്. അതിനാൽ സംരംഭകരെ സൃഷ്ടിക്കാനും വളർത്തിയെടുക്കാനും ശരിയായ രീതിയിലുള്ള സംരഭകത്വ വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. അതേകുറിച്ചാണ് ഈ ലേഖനം പ്രതിപാദിക്കുന്നത്.

## എന്താണ് സംരഭകത്വ വിദ്യാഭ്യാസം ?

വിദ്യാർത്ഥികളെ ആശയങ്ങൾ ഉണ്ടാക്കാനും അവ നടപ്പിലാക്കാനായി അവരുടെ സ്വഭാവം, ഗുണങ്ങൾ, കഴിവുകൾ എന്നിവ വളർത്താനുമായുള്ള ഔപചാരികമായ പഠന പ്രക്രിയയാണ് സംരഭകത്വ വിദ്യാഭ്യാസം. ഇതിലൂടെ പഠിപ്പിക്കലും, പരിശീലനവും നൽകുന്നു. സംരംഭകത്വത്തെക്കുറിച്ചു കൂടുതൽ വിവരങ്ങളും അറിവും ഉള്ളവരാക്കുന്നു. ബോധവൽക്കരണത്തോടൊപ്പം, സംരംഭങ്ങൾ തുടങ്ങുന്നതും വികസിപ്പിക്കുന്നതും സംരഭകത്വ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്.

സംരഭകത്വ വിദ്യാഭ്യാസത്തിലൂടെ ആളുകളെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കാൻ കഴിയുന്നു. വിദ്യാർത്ഥികളെ മാറുന്ന

**വിദ്യാർത്ഥികളെ ആശയങ്ങൾ ഉണ്ടാക്കാനും അവ നടപ്പിലാക്കാനായി അവരുടെ സ്വഭാവം, ഗുണങ്ങൾ, കഴിവുകൾ എന്നിവ വളർത്താനുമായുള്ള ഔപചാരികമായ പഠന പ്രക്രിയയാണ് സംരഭകത്വ വിദ്യാഭ്യാസം. ഇതിലൂടെ പഠിപ്പിക്കലും, പരിശീലനവും നൽകുന്നു. സംരംഭകത്വത്തെക്കുറിച്ചു കൂടുതൽ വിവരങ്ങളും അറിവും ഉള്ളവരാക്കുന്നു. ബോധവൽക്കരണത്തോടൊപ്പം, സംരംഭങ്ങൾ തുടങ്ങുന്നതും വികസിപ്പിക്കുന്നതും സംരഭകത്വ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്.**

സാഹചര്യങ്ങൾക്കനുസൃതമായി സംരഭകത്വത്തിനു തയ്യാറാക്കുന്നു. അവരിൽ അറിവും കഴിവുകളും, ശരിയായ മനോഭാവവും വളർത്താൻ സഹായിക്കുന്നു. സ്വന്തമായി കമ്പനികൾ തുടങ്ങാൻ  പ്രചോദിപ്പിക്കുന്നു. അവസരങ്ങളെ അന്വേഷിക്കാനും തിരിച്ചറിയാനും വിദ്യാർത്ഥികളെ സഹായിക്കുന്നു. തൊഴിലിൽ ഉയർന്ന തലങ്ങളിൽ എത്തിച്ചേരാനും ജോലി സ്ഥലത്തെ അനിശ്ചിതത്വത്തെ കൈകാര്യം ചെയ്യാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

## സംരഭകത്വ  വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടുകൾ


വിശാലയമായൊരു കാഴ്ചപ്പാടാണ് സംരഭകത്വ വിദ്യാഭ്യാസം വിഭാവനം ചെയ്യുന്നത്. അവ താഴെ പറയുന്നപ്രകാരം ചുരുക്കി പറയാം.

1. സംരംഭകത്വത്തിൽ ഊന്നിയുള്ള സാമ്പത്തിക പ്രവർത്തനങ്ങളിൽ എല്ലാവരെയും ഉൾപ്പെടുത്തുകയും വിശാലമായ പങ്കാളിത്തം പ്രോത്സാഹാപ്പിക്കുകയും ചെയ്യുക.
2. വിദ്യാർത്ഥികളുടെ ക്രീയേറ്റിവിറ്റി, നവീനത തുടങ്ങിയവയുടെ കഴിവുകൾക്ക് മേൽ അനുകൂലമായ സ്വാധീനം ചെലുത്തൽ.
3. അറിവ് നേടിയെടുക്കുന്നതിലും ഉയർന്ന ഗ്രേഡുകൾ നേടിയെടുക്കുന്നതിലും, സ്വഭാവ മാറ്റത്തിലും, ക്രീയാത്മകമായ പൗരത്വത്തിലും അനുകൂലമായ സ്വാധീനം ഉണ്ടാക്കുക.

**സ്വന്തമായി കമ്പനികൾ തുടങ്ങാൻ പ്രചോദിപ്പിക്കുന്നു. അവസരങ്ങളെ അന്വേഷിക്കാനും തിരിച്ചറിയാനും വിദ്യാർത്ഥികളെ സഹായിക്കുന്നു. തൊഴിലിൽ ഉയർന്ന തലങ്ങളിൽ എത്തിച്ചേരാനും ജോലി സ്ഥലത്തെ അനിശ്ചിതത്വത്തെ കൈകാര്യം ചെയ്യാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.**

4. സംരംഭകത്വവുമായി ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തം മെച്ചപ്പെടുത്തുക.
5. തൊഴിൽ അവസരങ്ങളിൽ വ്യക്തത വരുത്തുകയും, തൊഴിൽ ക്ഷമത വർധിപ്പിക്കുകയും ചെയ്യുക.
6. സ്റ്റാർട്ട് അപ്പുകളുടെയും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന്റെയും നിരക്ക് വർധിപ്പിക്കുക.

സംരഭകത്വ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ



**കോളേജ് തലത്തിൽ സംരഭകത്വ വിദ്യാഭ്യാസം ഭൂരിഭാഗവും പ്രായോഗിക തലത്തിലാവണം. പുതു തലമുറയിലെ സാങ്കേതിക വിദ്യകളും, മാറി വരുന്ന നിയമ നടപടികളും പഠിപ്പിക്കുന്നതോടപ്പം ഓരോ സെമസ്റ്ററിലും കുറഞ്ഞത് ഒരു മാസമെങ്കിലും പ്രായോഗിക പരിശീലനം ആവശ്യമാണ്.**

(Objectives)

വിവിധങ്ങളായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടാണ് സംരഭകത്വ വിദ്യാഭ്യാസം നടപ്പാക്കുന്നത്. അവ ചുവടെ ചേർക്കുന്നു.

1. പുതിയ ആശയങ്ങൾ കൊണ്ട് വരാനും അവ നടപ്പാക്കാനും ആവശ്യമായ മാനസികാവസ്ഥ , കഴിവ് എന്നിവ വളർത്തുക.
2. വിദ്യാർത്ഥികൾക്ക് തൊഴിലിനായി വിവിധങ്ങളായ കാഴ്ചപാടുകൾ നൽകുക.
3. സ്വന്തം സംരംഭം തുടങ്ങുവാനായി ആത്മവിശ്വാസം നൽകുക
4. സംരഭകത്വ കഴിവുകൾ വളർത്തുക.

## സംരഭകത്വ വിദ്യാഭ്യാസം നടപ്പിലാക്കുന്ന ഘട്ടങ്ങൾ

പ്രധാനമായും മൂന്നു ഘട്ടങ്ങളിലായാണ് സംരഭകത്വ വിദ്യാഭ്യാസം നടപ്പിലാക്കേണ്ടത്.

**I. ഒന്നാം ഘട്ടം- അഞ്ചാം ക്ളാസ് മുതൽ പത്തു വരെയുള്ള കാലം**

അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ളതാണ് ഒന്നാം ഘട്ടം. ഈ ഘട്ടത്തിൽ സംരംഭകത്വത്തെ കുറിച്ചുള്ള ബാലപാഠങ്ങളും അവബോധവുമാണ് നൽകേണ്ടത്. സംരംഭകരെ കുറിച്ചു പോസിറ്റീവ് ആയ ഇമേജ് വിദ്യാർത്ഥികളിൽ ചെറിയ പ്രായത്തിൽ തന്നെ സൃഷ്ടിക്കണം.


**II. രണ്ടാം ഘട്ടം -ഹയർ സെക്കന്ററി തലം മുതലുള്ള വിദ്യാഭ്യാസ കാലം**

ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള സാങ്കേതിക വിദ്യയിൽ/ സംരംഭകത്വ മേഖലയിൽ പരിശീലനം നൽകുകയും, അവ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള അവസരവും നൽകണം. സംരംഭകത്വത്തിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ അധ്യയന വർഷം മുഴുവനും ക്ളാസ് മുറികളിൽ ഇരുത്താതെ, പത്തു ദിവസം മുതൽ ഒരു മാസം വരെ ഉള്ള അവധികളിൽ കമ്പനികളിൽ ഇന്റേൺഷിപ് മാതൃകയിൽ തൊഴിലെടുക്കാൻ അവസരം നൽകണം. വിവിധ സാങ്കേതിക കഴിവുകൾ ചെറിയ പ്രായത്തിലാണ് കുട്ടികൾ വേഗത്തിൽ സ്വായത്തമാക്കുന്നത്. അതിനാൽ നേരത്തെ തന്നെ താൽപര്യം കണ്ടെത്തി പരിശീലനം നൽകേണ്ടതാണ്. ഇതിനായി മുൻനിര കമ്പനികളുടെയും സംരംഭകരുടെയും സഹകരണം ആവശ്യപ്പെടണം. കമ്പനികൾ തങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഇതും ഏറ്റെടുക്കേണ്ടതാണ്. സ്റ്റാർട്ട് ആപ്പുകൾ പലപ്പോഴും പ്രയോജനപ്പെടുന്നത് വൻകിട കമ്പനികൾക്കായതിനാൽ സംരംഭകരാവാൻ താല്പര്യമുള്ളവരെ സഹായിക്കാൻ അവരും തയ്യാറാവും.

കോളേജ് തലത്തിൽ സംരഭകത്വ വിദ്യാഭ്യാസം ഭൂരിഭാഗവും പ്രായോഗിക തലത്തിലാവണം. പുതു തലമുറയിലെ സാങ്കേതിക വിദ്യകളും, മാറി വരുന്ന നിയമ നടപടികളും പഠിപ്പിക്കുന്നതോടപ്പം ഓരോ സെമസ്റ്ററിലും കുറഞ്ഞത്

Eco Next
BACK TO NATURE
Bldg. No. V/26(1), Near Manigramam
Temple, Iringapuram Post,
Guruvayoor,
Trichur Dist., Kerala – 680103.
Ph.: 8898710988, 9567714305
AREA LEAF DISPOSABLE PLATES






**ശാസ്ത്ര- സാഹിത്യ- കായിക മേഖലകൾ പോലെയുള്ള വിഷയങ്ങൾ പഠിപ്പിച്ചു അവയിൽ പ്രതിഭകളെ വളർത്തുന്നതുപോലെതന്നെ പ്രധാനപെട്ടതാണ് സംരംഭകത്വവും. സംരംഭകർ യാദൃശ്ചികമായി വളർന്നു വരുന്നതോ അബദ്ധത്തിൽ വിജയിക്കുന്നതോ അല്ല. അതിനായി ബോധപൂർവമായ ഇടപെടലുകളും ശ്രദ്ധയൂന്നിയുള്ള പ്രോത്സാഹ ജനകമായ പ്രവർത്തനങ്ങളും വേണം.**

ഒരു മാസമെങ്കിലും പ്രായോഗിക പരിശീലനം ആവശ്യമാണ്. കോളേജ് വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ നേരിട്ട് സ്വന്തം സംരംഭം തുടങ്ങുകയോ സ്റ്റാർട്ട് ആപ്പ് സംവിധാനം വഴി തുടങ്ങുകയോ ചെയ്യണം.

**III. മൂന്നാം ഘട്ടം -വിദ്യാഭ്യാസ കാലഘട്ടത്തിനു ശേഷം**

വിദ്യാഭ്യാസ കാലഘട്ടം കഴിയുന്നതോടെ സമൂഹത്തിലേക്ക് ഇറങ്ങുന്നവരെ പ്രൊജക്റ്റ് റിപ്പോർട്ടുകളുടെയും കഴിവിന്റേയും അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സൗകര്യം നൽകി സംരംഭങ്ങൾ ആരംഭിക്കാൻ സംവിധാനം ഒരുക്കേണ്ടതാണ്.

ചുരുക്കത്തിൽ ശാസ്ത്ര- സാഹിത്യ- കായിക മേഖലകൾ പോലെയുള്ള വിഷയങ്ങൾ പഠിപ്പിച്ചു അവയിൽ പ്രതിഭകളെ വളർത്തുന്നതുപോലെതന്നെ പ്രധാനപെട്ടതാണ് സംരംഭകത്വവും. സംരംഭകർ യാദൃശ്ചികമായി വളർന്നു വരുന്നതോ അബദ്ധത്തിൽ വിജയിക്കുന്നതോ അല്ല. അതിനായി ബോധപൂർവമായ ഇടപെടലുകളും ശ്രദ്ധയൂന്നിയുള്ള പ്രോത്സാഹ ജനകമായ പ്രവർത്തനങ്ങളും വേണം. സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ ഏക ദിന സെമിനാറോ, പരിശീലന കളരിയോ മതിയാവില്ല. ചെറിയ പ്രായം മുതൽക്കേ വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാകുകയും, താല്പര്യം ജനിപ്പിക്കുകയും വേണം. അതോടപ്പം വിവിധ വിഷയങ്ങളെ കുറിച്ചു പരിശീലനം നൽകുകയും വേണം. അതിനായി സംരഭകത്വ വിദ്യാഭ്യാസം കൂടിയേ തീരൂ. ഇത്തരത്തിൽ കൃത്യമായി ചിട്ടയൊപ്പിച്ചുള്ള പ്രവർത്തനം നടത്തുന്നതിലൂടെ മാത്രമേ സംരംഭകത്വം വ്യാപിപ്പിക്കുവാൻ സാധിക്കുകയുള്ളു.

**(മഞ്ചേശ്വരം ഗവൺമെന്റ് കോളേജിലെ വാണിജ്യ വിഭാഗം മേധാവിയാണ് ലേഖകൻ)**



സുധീർ ബാബു




# ബ്രാന്റ് എന്ന സ്ഫടികപാത്രം

സ്റ്റീവ് സാസ്സൺ എന്ന കൊഡാക്ക് എഞ്ചിനീയർ ആദ്യത്തെ ഡിജിറ്റൽ ക്യാമറ കണ്ടുപിടിച്ചപ്പോൾ ഇന്ന് നാം നിൽക്കുന്നിടത്ത് നിന്നും കാലം ഏകദേശം നാൽപ്പത്തിമൂന്ന് വർഷം പിന്നിലായിരുന്നു ആയിരത്തിതൊള്ളായിരത്തി എഴുപത്തി അഞ്ചിൽ. ചരിത്രത്തേയും ഭാവിയേയും മാറ്റിമറിക്കുവാൻ പോകുന്ന ഈ കണ്ടെത്തലിനോടുള്ള കൊഡാക്ക് മാനേജ്മെന്റിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു.

"വളരെ നല്ലത്, മനോഹരമായിരിക്കുന്നു. പക്ഷേ ഇതാരോടുംമിണ്ടരുത്"

ഈ ഒരൊറ്റ അഭിപ്രായം കാരണം ഒരിക്കൽ ലോകം അടക്കിവാണ കൊഡാക്ക് എന്ന ഭീമൻ ഇന്ന് ആഗോള ബിസിനസ് ഭൂപടത്തിലേയില്ല. കാലത്തിന്റെ യവനികക്കുള്ളിൽ മറഞ്ഞുപോയ ഒരു മുത്തശ്ശിക്കഥ മാത്രമായി മാറി കൊഡാക്ക്. കൊഡാക്കിന്റെ ഫിലിം ഉപയോഗിക്കാത്ത ഒരു ക്യാമറയും ആ നാളുകളിൽ ഈ ഭൂമിയിലുണ്ടായിരുന്നില്ല. ഒരു ചെറിയ പിഴവ് കൊടാക്ക് എന്ന നാമം താളുകളിൽ നിന്ന് തുടച്ചുനീക്കി.

ഫിലിം ബിസിനസിൽ നിന്ന് പിന്മാറുവാൻ കൊഡാക്ക് മടിച്ചു നിന്നു. അതൊരു ഭയമായിരുന്നു. ഡിജിറ്റൽ ക്യാമറയുടെ കണ്ടുപിടിത്തത്തിന് ശേഷം കൊഡാക്കിന്റെ ഗവേഷണ വിഭാഗം തന്നെ കണ്ടെത്തിയ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഇവയായിരുന്നു.

* ഭാവിയിൽ ഫിലിം ബിസിനസിനെ ഡിജിറ്റൽ ടെക്നോളജി തുടച്ചുനീക്കും.

* അതിന് മുമ്പ് ഒരു ഡിജിറ്റൽ വിപ്ലവത്തിന് തയ്യാറെടുക്കുവാൻ കൊഡാക്കിന് ഇനിയും നീണ്ട പത്ത് വർഷങ്ങൾ മുന്നിലുണ്ട്.

പക്ഷേ ഈ കണ്ടെത്തലുകൾ കൊഡാക്ക് മാനേജ്മെന്റ് ശ്രവിച്ചില്ല. ഡിജിറ്റൽ ടെക്നോളജിയെ ഭാവിയിലെ ഒരു പൊളിച്ചെഴുത്തായി കാണുവാനുള്ള ദീർഘവീക്ഷണം അവർക്ക് ഉണ്ടായിരുന്നില്ല. ഇതൊരു തന്ത്രപരമായ പരാജയം ആയിരുന്നു. ഫിലിം എന്ന ഉത്പന്നത്തെ ചുറ്റിപറ്റിയുള്ള ഒരു ബിസിനസ് മോഡൽ എന്നതിൽ കവിഞ്ഞ് മറ്റ് പരിവർത്തനങ്ങളെ ഉൾക്കൊള്ളാൻ അവർക്ക് സാധിച്ചില്ല. അനന്തരഫലം ആദ്യത്തെ ഡിജിറ്റൽ ക്യാമറ വികസിപ്പിച്ച കൊഡാക്ക് പിന്നീട് കടന്നുവന്ന അതേ ഡിജിറ്റൽ ടെക്നോളജിയുടെ മഹാപ്രളയത്തിൽ ഇല്ലാതെയായി.

ബ്രാന്റ് അതെത്ര വലുതുമാവട്ടെ എന്നും നിലനിൽക്കപ്പെടും എന്നതിന് യാതൊരു ഗ്യാരണ്ടിയും ഇല്ല. ഒരു നീർക്കുമിള പൊട്ടിത്തകരുന്നപോലെ ഏത് നിമിഷവും അത് തകർന്നു പോകാം. ബ്രാന്റ് കെട്ടിപ്പടുക്കാൻ എടുക്കുന്നത് വർഷങ്ങളാണെങ്കിൽ അത് ഒന്നുമല്ലാതായിത്തീരുന്നതിന് നിമിഷങ്ങൾ മതി. തീരുമാനമെടുക്കുന്നതിൽ വരുന്ന ചെറിയൊരു പാകപ്പിഴ അല്ലെങ്കിൽ അൽപ്പം കാലതാമസം ഒരു ബ്രാന്റിനെ ഭൂമുഖത്തുനിന്നുതന്നെ തുടച്ചുമാറ്റും.

## ബ്രാൻഡും ആവാസവ്യവസ്ഥയും

ഒരു ആവാസവ്യവസ്ഥക്കുള്ളിലാണ് ബ്രാന്റ് നിലകൊള്ളുന്നത്. ബ്രാന്റ് എന്നത് ഒരു ഉത്പന്നമോ സേവനമോ പേരോ അല്ല. മറിച്ച് ആവാസവ്യവസ്ഥയിൽ നിലനിൽക്കുന്ന ഉപഭോക്താവിന്റെ ആവശ്യമാണ് ബ്രാന്റായി രൂപമെടുക്കുന്നത്. ആ ആവശ്യത്തെ തൃപ്തിപ്പെടുത്തുന്ന ഉത്പന്നത്തെ ഒരു ബ്രാന്റ് ആയി ഉപഭോക്താവ് തിരിച്ചറിയുന്നു. ആവാസവ്യവസ്ഥയിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഉപഭോക്താവിന്റെ ആവശ്യങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നു. മാറുന്ന അത്തരം ആവശ്യങ്ങൾക്ക് അനുസൃതമായി സമയാസമയങ്ങളിൽ ഉത്പന്നങ്ങൾക്ക് മാറ്റങ്ങൾ സംഭവിക്കപ്പെടുന്നില്ലായെങ്കിൽ ഉപഭോക്താവ് അത്തരം ബ്രാന്റുകളെ കൈയ്യൊഴിയുന്നു.

ഉപഭോക്താവിന്റെ ആവശ്യമാണ് ബ്രാന്റായി മാറുന്നത് എന്ന് നാം കണ്ടു. ഫിലിം ഉപയോഗിക്കേണ്ട ആവശ്യമില്ലാത്ത ക്യാമറകൾ വിപണിയിൽ എത്തിയതോടെ ഫിലിമിന് ആവശ്യക്കാർ ഇല്ലാതെയായി. ഉപഭോക്താവിന്റെ ആവശ്യത്തെ തൃപ്തിപ്പെടുത്താൻ കഴിയാത്ത ബ്രാന്റ് അപ്രത്യക്ഷമാവുകയും തൽസ്ഥാനത്ത് പുതിയ ബ്രാന്റുകൾ ഉടലെടുക്കുകയും ചെയ്തു. ആവാസവ്യവസ്ഥയിലെ സ്വാഭാവികമായ ഒരു പ്രക്രിയ മാത്രമാണിത്. ഇത് എല്ലാ ഉത്പന്നങ്ങൾക്കും ബാധകമാണ്.

## എന്താവണം ഒരു ബ്രാൻഡ് ?

നമ്മെ കൂടുതൽ ചിന്തിപ്പിക്കുവാൻ ഈ ചോദ്യം പ്രേരകമാകുന്നു. ഒരു ബ്രാന്റ് എന്താവണം എന്ന് തീരുമാനിക്കുന്നത് ഉത്പാദകനാണോ? അതോ ഉപഭോക്താവോ? തന്റെ ആവശ്യങ്ങളെ കണക്കിലെടുക്കാത്ത ബ്രാന്റുകളെ ഉപഭോക്താക്കൾക്ക് താൽപ്പര്യമില്ല. ആവാസവ്യവസ്ഥയിൽ സംഭവിക്കുന്ന സാമൂഹ്യ, സാമ്പത്തിക, സാങ്കേതിക, ശാസ്ത്രപരിവർത്തനങ്ങളെല്ലാം തന്നെ അവരുടെ ആവശ്യങ്ങളിൽ നിരന്തരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടേയിരിക്കും.

ഉത്പന്നം യാതൊരു പരിണാമത്തിനും വിധേയമാകാതെ നിലകൊള്ളുകയും ഉപഭോക്താവിന്റെ ആവശ്യങ്ങൾ മാറിക്കൊണ്ടേയിരിക്കുകയും ചെയ്യുന്നത് ചിന്തിക്കുക. ഇതൊരു കെണിയാണ്. സമൂഹത്തിലെ മാറ്റങ്ങളെ പ്രതിബിംബിക്കുന്ന ഉത്പന്നങ്ങൾ സംരക്ഷിക്കപ്പെടുന്നു. അതിനായി ഉത്പന്നങ്ങൾ തുടർച്ചയായി മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. ഇന്ന് പരിണാമത്തിന് വിധേയമാകാത്ത ഉത്പന്നങ്ങളുടെ ആയുസ്സ് വളരെ കുറവാണ്. വിജയിച്ച ഒരു ബ്രാന്റ് എന്ന രീതിയിൽ കൈയ്യുംകെട്ടി നോക്കിയിരിക്കുവാൻ സംരംഭകനാവില്ല എന്ന് ചുരുക്കം.

**ഉത്പന്നം യാതൊരു പരിണാമത്തിനും വിധേയമാകാതെ നിലകൊള്ളുകയും ഉപഭോക്താവിന്റെ ആവശ്യങ്ങൾ മാറിക്കൊണ്ടേയിരിക്കുകയും ചെയ്യുന്നത് ചിന്തിക്കുക. ഇതൊരു കെണിയാണ് സമൂഹത്തിലെ മാറ്റങ്ങളെ പ്രതിബിംബിക്കുന്ന ഉത്പന്നങ്ങൾ സംരക്ഷിക്കപ്പെടുന്നു. അതിനായി ഉത്പന്നങ്ങൾ തുടർച്ചയായി മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. ഇന്ന് പരിണാമത്തിന് വിധേയമാകാത്ത ഉത്പന്നങ്ങളുടെ ആയുസ്സ് വളരെ കുറവാണ്.**

## നിങ്ങൾ കൊക്കോകോള കുടിക്കരുത്?

കൊക്കോകോളയുടെ എതിരാളികൾ പറയുന്ന വാചകമല്ല ഇത്. കൊക്കോകോള തന്നെ പറയുന്നതാണ്. ലോകത്തിലെ ഏറ്റവും മൂല്യമുള്ള ബ്രാന്റുകളിൽ ഒന്ന്. ലോകത്തിന്റെ ഏത് മൂക്കിലും മൂലകളിലും സുപരിചിതമായ നാമം. യുവത്വം ഏറ്റവും കൂടുതൽ ആഘോഷിക്കുന്ന ബ്രാന്റുകളിൽ ഒന്ന്. ഉത്പാദകൻ തന്നെ പറയുന്നു നിങ്ങൾ ഞങ്ങളുടെ ഉത്പന്നം ഉപയോഗിക്കരുത്.

നമുക്ക് തികഞ്ഞ വൈരുദ്ധ്യമായി അനുഭവപ്പെടാം. ഭ്രാന്തമായ ഒരു ചിന്തയിൽ നിന്ന് ഉടലെടുത്ത ആശയം എന്ന് തോന്നാം. ഒരിടത്ത് കോടികൾ ചിലവഴിച്ച് ഉത്പന്നത്തിന്റെ പ്രോമോഷന് വേണ്ടി പരസ്യം ചെയ്യുന്നു. മറ്റൊരിടത്ത് നിങ്ങൾ ഇത് കുടിക്കരുത് എന്ന് ഉപദേശിക്കുന്നു. വിരോധാഭാസം എന്ന് തോന്നുന്ന ഒരവസ്ഥ.

എന്തുകൊണ്ട് ഇത് പറയാൻ കൊക്കോകോള നിർബന്ധിതമായി എന്ന് ചിന്തിക്കുമ്പോളാണ് നാം ആവാസവ്യവസ്ഥയുടെ പരിണാമവും ശക്തിയും തിരിച്ചറിയുന്നത്. ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തുവാൻ പ്രതിബദ്ധതയുള്ള ഒരു ആവാസവ്യവസ്ഥയിൽ തങ്ങളുടെ ഉത്പന്നം ആരോഗ്യത്തിന് ഹാനികരമാണ് എന്ന് പറയുവാൻ കൊക്കോകോള നിർബന്ധിതരാക്കപ്പെടുകയാണ്. ഇവിടെ മറ്റൊരു മാർഗ്ഗമില്ല. സമൂഹത്തിലെ മാറ്റങ്ങൾക്കനുസരിച്ച് ഉത്പന്നവും ഉത്പാദകനും പ്രതികരിച്ചേ മതിയാകൂ. മാറ്റങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കണം.

## സത്യസന്ധമായി ഉപഭോക്താവിനെ സമീപിക്കുക

ആവാസവ്യവസ്ഥയുടെ ചലനങ്ങൾക്കനുസരിച്ച് രൂപപ്പെടുന്ന, നിരന്തരം പരിഷ്ക്കരിക്കപ്പെടുന്ന ബ്രാന്റുകൾക്ക്





സത്യസന്ധമായിട്ടല്ലാതെ ഉപഭോക്താവിനെ സമീപിക്കുക ദുഷ്ക്കരമാണ്. എന്റെ ഉത്പന്നത്തിന്റെ ദോഷവശങ്ങൾ എനിക്ക് ചൂണ്ടിക്കാട്ടുവാൻ സാധിച്ചില്ല എങ്കിൽ ആവാസവ്യവസ്ഥയിലെ മറ്റ് ഘടകങ്ങൾ അത് ചൂണ്ടിക്കാട്ടും. അത് ബ്രാന്റിന്റെ വിശ്വാസ്യതയെ ബാധിക്കും. ഉപഭോക്താവ് അവിശ്വാസം രേഖപ്പെടുത്തുന്ന ബ്രാന്റുകൾ ആവാസവ്യവസ്ഥയിൽ നിന്നും പുറംതള്ളപ്പെടും.

വിജയിച്ച ബ്രാന്റുകൾ സമൂഹത്തിന്റെയും എതിരാളികളുടെയും നിരന്തരമായ വിശകലനത്തിനും ശസ്ത്രക്രിയക്കും വിധേയമാക്കപ്പെടുന്നു എന്നതാണ് ശ്രദ്ധേയമായ വസ്തുത. ബ്രാന്റ് വിജയിച്ചു കഴിഞ്ഞു. ഇനി അത് നിലനിന്നുകൊള്ളും എന്നത് ഒരു മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണ്. കാരണവും (Cause) ഫലവും (Effect) തമ്മിലുള്ളഅഭേദ്യമായ ബന്ധം നമുക്കിവിടെ ദർശിക്കാം. സമൂഹത്തിൽ ചലനം സൃഷ്ടിക്കുന്ന ഓരോ കാരണവും ബിസിനസിലും ചലനങ്ങൾ സൃഷ്ടിക്കുന്നു. സമൂഹം എന്ന, ബിസിനസ് നിലകൊള്ളുന്ന ആവാസവ്യവസ്ഥയും ബിസിനസും തമ്മിലുള്ള ബന്ധം പരസ്പരപൂരകമാണ്. ഒന്നിൽ നിന്നും മറ്റൊന്നിനെ അടർത്തു മാറ്റുവാൻ സാധ്യമല്ല. ഈ തത്വം മനസിലാക്കുന്ന ബ്രാന്റുകൾക്ക് മാത്രമേ ദീർഘായുസുള്ളൂ.

## അപ്രത്യക്ഷമാകുന്ന ബ്രാന്റുകൾ

നമുക്ക് സുപരിചിതമായിരുന്നു ബി പി എൽ എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ബ്രിട്ടീഷ് ഫിസിക്കൽ ലബോറട്ടറീസ്. കൺസ്യൂമർ ഇലക്ട്രോണിക ്സിൽ ഇന്ത്യക്ക് ഏറ്റവും പരിചിതമായ നാമങ്ങളിൽ ഒന്ന്. ഇന്ന് ബി പി എൽ എവിടെ? മറ്റ് ബിസിനസുകളിൽ അനാവശ്യ തിടുക്കത്തിലൂടെ

**വിജയിച്ച ബ്രാന്റുകൾ സമൂഹത്തിന്റെയും എതിരാളികളുടെയും നിരന്തരമായ വിശകലനത്തിനും ശസ്ത്രക്രിയക്കും വിധേയമാക്കപ്പെടുന്നു എന്നതാണ് ശ്രദ്ധേയമായ വസ്തുത. ബ്രാന്റ് വിജയിച്ചു കഴിഞ്ഞു. ഇനി അത് നിലനിന്നുകൊള്ളും എന്നത് ഒരു മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണ്.**




**ഉത്പന്നത്തിൽ നിരന്തരം പരിവർത്തനങ്ങൾ വരുത്തുന്ന ഒരു പ്രക്രിയ മാത്രമാണോ ഇന്നൊവേഷൻ? തീർച്ചയായും അത് മാത്രമല്ല. ഉപഭോക്താവിന്റെ മാറുന്ന ആവശ്യങ്ങൾ കണ്ടെത്തുകയും ഇന്നൊവേഷന്റെ ഭാഗമാണ്. ഈ മാറുന്ന ആവശ്യങ്ങളിൽ, ഉപയോഗത്തിൽ, പുതുതായി ഉടലെടുക്കുന്ന ആവശ്യങ്ങളിലൊക്കെ ആണ് ഇന്നൊവേഷന്റെ താക്കോൽ.**

നടത്തിയ നിക്ഷേപങ്ങൾ, സാമ്പത്തിക അച്ചടക്കമില്ലായ്മ, എൽ ജി യെപ്പോലെയും സാംസങ്ങിനെപ്പോലുള്ള കൊറിയൻ കമ്പനികളുടെ വിപണിയിലേക്കുള്ള കടന്നുവരവ് എന്നിവ ബി പി എല്ലിനെ പ്രതിസന്ധിയിലാക്കി. ഒരു ബ്രാന്റിന്റെ മരണം അവിടെ സംഭവിച്ചു. തൊണ്ണൂറുകളുടെ അന്ത്യത്തിൽ നാലായിരത്തിമുന്നൂറിലധികം കോടി രൂപയുടെ വരുമാനം ഉണ്ടായിരുന്ന ഒരു ഗ്രൂപ്പ് ആയിരുന്നു എന്നതോർക്കണം. വലുപ്പമല്ല പ്രധാനം എന്നത് ഇവിടെ പ്രസക്തമാകുന്നു.

വീഡിയോകോൺ എന്ന ബ്രാന്റിനും സംഭവിച്ചതും മറ്റൊന്നല്ല. പെട്ടെന്ന് വളരാനുള്ള അത്യാഗ്രഹത്തിൽ വരുത്തിവെച്ച കടങ്ങൾ കമ്പനിയെ വിഴുങ്ങി. നാൽപ്പത്തി അയ്യായിരം കോടി രൂപ കടക്കെണിയിൽ വീണ കമ്പനി. വികസന പ്രക്രിയകളും മറ്റ് വ്യവസായങ്ങളിലേക്കുള്ള ചുവടുമാറ്റ പ്പിഴവുകളും എല്ലാം ആ ബ്രാന്റിനെ ഇല്ലാതെയാക്കി. കിംഗ് ഫിഷർ എയർലൈൻസ് പോലെയുള്ള മറ്റൊരു ദുരന്തം.

## ഗോലിയാത്തിനും രക്ഷയില്ല

ബ്രാന്റ് എത്ര വലുതുമാകട്ടെ. അതല്ല പ്രധാനം. വീഴ്ചയ്ക്ക് ആക്കം കൂടും എന്നത് മാത്രമാണ് വ്യത്യാസം. ഗോലിയാത്തിനെ വീഴ്ത്തിയ ദാവീദിനെപ്പോലെ ചെറിയൊരു ബ്രാന്റ് മതി ഒരു ഭീമാകാരനെ നിലംപരിശാക്കാൻ. ഉപഭോക്താവിനെ അറിയുന്ന, ശ്രദ്ധിക്കുന്ന ബ്രാന്റുകൾ വിപണിയെ പിടിച്ചടക്കും. ഇത് അതിവേഗം സംഭവിക്കുന്ന ഒരു പ്രക്രിയയാവണം എന്നില്ല. മറിച്ച് മെല്ലെ മെല്ലെ അത്തരമൊരു ബ്രാന്റ് വിപണിയെ കീഴടക്കി മുന്നേറും.

പരസ്യങ്ങൾ ബ്രാന്റിനെ ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുകയാണ്. നോക്കൂ, നിങ്ങളുടെ ആവശ്യങ്ങൾ ഈ ഉത്പന്നം നിറവേറ്റുന്നു എന്ന സന്ദേശം





അവർക്ക് നൽകുകയാണ്. ഇതൊരു സംവേദനമാണ്. ഉത്പന്നവും ഉപഭോക്താവും തമ്മിലുള്ള സംവേദനം. ഇല്ലാത്ത ഗുണവിശേഷങ്ങൾ ഒരു ഉത്പന്നത്തിൽ ചാർത്തുവാനല്ല പരസ്യങ്ങൾ ഉപയോഗിക്കേണ്ടത്. അങ്ങനെ ഉപയോഗിച്ചാൽ സമൂഹം അത് പെട്ടെന്ന് തിരിച്ചറിയും. അതിന്റെ ഫലം നേരെ വിപരീതമായിരിക്കുകയും ചെയ്യും.

## ഇന്നൊവേഷൻ (നവീനത)

ഉത്പന്നത്തിൽ നിരന്തരം പരിവർത്തനങ്ങൾ വരുത്തുന്ന ഒരു പ്രക്രിയ മാത്രമാണോ ഇന്നൊവേഷൻ? തീർച്ചയായും അത് മാത്രമല്ല. ഉപഭോക്താവിന്റെ മാറുന്ന ആവശ്യങ്ങൾ കണ്ടെത്തുകയും ഇന്നൊവേഷന്റെ ഭാഗമാണ്. ഈ മാറുന്ന ആവശ്യങ്ങളിൽ, ഉപയോഗത്തിൽ, പുതുതായി ഉടലെടുക്കുന്ന ആവശ്യങ്ങളിലൊക്കെ ആണ് ഇന്നൊവേഷന്റെ താക്കോൽ. ഗവേഷണങ്ങളിലും ഇന്നൊവേഷൻ പ്രധാനപ്പെട്ടതാണ്. ഉത്പന്നം നിലനിൽക്കുന്ന ആവാസവ്യവസ്ഥ നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ട് എന്ന യാഥാർത്ഥ്യം ഇന്നൊവേഷൻ എന്ന പ്രക്രിയയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. പുതുമ ഭംഗിയും സൗകര്യങ്ങളും മാത്രമല്ല. ആവശ്യങ്ങളുടെ പൂരണം കൂടിയാണ്.

ഉപഭോക്താവിന്റെ മാറുന്ന, ഉടലെടുക്കുന്ന താൽപ്പര്യങ്ങൾ, സ്വഭാവങ്ങൾ, ആവശ്യങ്ങൾ ഇവയെല്ലാം തന്നെ ബിസിനസിന്റെ അവസരങ്ങളാണ്. ഈ മാറ്റമാണ് യഥാർത്ഥത്തിൽ ബിസിനസിനെ സൃഷ്ടിക്കുന്നത്. ഈ മാറ്റങ്ങളിലേക്ക് ഇന്ദ്രിയങ്ങളെ തുറന്നുവെക്കുകയാണ് സംരംഭകർ ചെയ്യേണ്ടത്. നിരന്തരം മാറുന്ന താൽപ്പര്യങ്ങൾ ഉൾക്കൊള്ളിക്കുക ഒരു തലവേദനയായി കാണുന്ന ബ്രാന്റുകൾ കുറഞ്ഞ ആയുസുള്ളവയായി മാറുന്നു. ദീർഘകാലം നിലനിൽക്കുന്നവ ഇത്തരം മാറ്റങ്ങളെ ക്രിയാത്മകമായി ഉൾക്കൊള്ളുന്നവ മാത്രമാകുന്നു.

## ബ്രാന്റിന് കരുത്താകുന്നത് ഗവേഷണം

നല്ലൊരു ബ്രാന്റ് വളർത്തിയെടുക്കണോ? ഗവേഷണം ഒഴിവാക്കുവാനാകാത്തതാണ്. പിന്നിൽ ഗവേഷണത്തിന്റെ, പഠനത്തിന്റെ സഹായമില്ലാത്ത ഒരു ബ്രാന്റും വിജയിക്കുകയില്ല. ഗുഡ്നൈറ്റ് എന്ന ബ്രാന്റിനെ നോക്കുക. ആ ഉത്പന്നത്തിൽ വന്ന

*With Best Complements from*

**S N Bakery,** Neyyattinkara,TVPM – Ph:-0471 2222331
**S N Complex**, Neyyattinkara,TVPM – Ph:- 0471 2224331
**S N Auditorium,** Neyyattinkara,TVPM – Ph:- 0471 2222881
**S N Mini Hall,** Neyyattinkara,TVPM – Ph:- 0471 2222881

Proprietor:p.jayaprakash

കാലോചിതമായമാറ്റങ്ങൾ, കാലാകാലത്തിലുള്ള കൂട്ടിച്ചേർക്കലുകൾ, ഉൾക്കൊള്ളിക്കുന്ന പുതുമകൾ എല്ലാമെല്ലാം അതിനെ മികച്ച ഒരു ബ്രാന്റായി നിലനിർത്തുന്നു. പഴയ കൊതുക് തിരി മാത്രമായിരുന്നു ആ ബ്രാന്റ് എങ്കിൽ ഒന്ന് ഓർത്തു നോക്കൂ. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താകുമായിരുന്നു എന്നത്.

ശ്രദ്ധയോടെ നീങ്ങിയില്ലെങ്കിൽ പതനം എപ്പോൾ വേണമെങ്കിലും സംഭവിക്കാം. ബ്രാന്റുകളുടെ ആയുർദൈർഘ്യം വളരെ കുറഞ്ഞുവരുന്ന ഒരു കാലഘട്ടമാണ് നമുക്ക് മുന്നിലുള്ളത്. കരുതലോടെ മുന്നോട്ട് നീങ്ങാത്ത ബ്രാന്റുകൾ വിപണിയിൽ നിന്ന് തുടച്ചുനീക്കപ്പെടും. ഉപഭോക്താവിനെ, വിപണിയെ അറിഞ്ഞ് മുന്നോട്ട് പോകുന്ന ബ്രാന്റുകൾ കൂടുതൽ കരുത്തോടെ നിലനിൽക്കും . ബ്രാന്റ് സൃഷ്ട്ടിക്കുന്നതിനേക്കാൾ ശ്രമകരമാണ് അത് നിലനിർത്തുന്നത്. നമ്മുടെ ലക്ഷ്യം കേവലമൊരു ബ്രാന്റ് സൃഷ്ട്ടിക്കുക എന്നത് മാത്രമാവരുത് മറിച്ച് ദീർഘകാലം നിലനില്ക്കുന്ന ഒരു ബ്രാന്റ് സൃഷ്ട്ടിക്കുക എന്നതാവണം.

ബ്രാന്റ് ഒരു സ്ഫടികപാത്രം പോലെയാണ്. കൈകൾ തെറ്റി ഒന്ന് നിലത്തുവീണാൽ മതി ഉടഞ്ഞു പോകുവാൻ. സ്ഫടികപാത്രം കൈകാര്യം ചെയ്യുന്ന സൂക്ഷ്മത ബ്രാന്റ് കൈകാര്യം ചെയ്യുമ്പോൾ നമുക്ക് ആവശ്യമാണ് കൂടുതൽ ലാഭത്തിനു വേണ്ടി ഉത്പന്നത്തിന്റെ മേന്മയിൽ വരുത്തുന്ന ഒരു മാറ്റം മതി കെട്ടിപ്പൊക്കി കൊണ്ടുവന്ന ബ്രാന്റ് തകർന്നടിയുവാൻ. ബ്രാന്റ് നിരന്തരം ഉപഭോക്താക്കളുമായി സംവേദിച്ചു കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം മറക്കരുത്. ഉപഭോക്താക്കളുടെ നിരീക്ഷണ വലയത്തിലാണ് എന്നും ബ്രാന്റ് സ്ഥിതി ചെയ്യുന്നത്. തങ്ങൾ ബ്രാന്റിൽ അർപ്പിക്കുന്ന വിശ്വാസം അവർ തിരിച്ചും പ്രതീക്ഷിക്കുന്നു. എപ്പോൾ ആ വിശ്വാസം നഷ്ട്ടപ്പെടുന്നുവോ ആ നിമിഷം ബ്രാന്റ് മരിക്കുന്നു.

മനുഷ്യബന്ധങ്ങളിൽ ഉടലെടുക്കുന്ന വിശ്വാസം പോലെ തന്നെയാണ് ഉപഭോക്താവും ബ്രാന്റും തമ്മിൽ സൃഷ്ട്ടിക്കപ്പെടുന്ന വിശ്വാസവും. അതിന് കോട്ടം സംഭവിക്കുന്ന ഒരു പ്രവർത്തി സംരംഭകന്റെ ഭാഗത്ത് നിന്നും സംഭവിക്കരുത്. ബിസിനസിലെ ഏറ്റവും അമൂല്യമായ ആസ്തിയാണ് ബ്രാന്ഡ് എന്ന തിരിച്ചറിവ് സാരംഭകന് ഉണ്ടായിരിക്കുക എന്നതാണ് മുഖ്യം. ആ നിധിയെ സംരക്ഷിക്കുകയാണ് സംരംഭകന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം.




# പി. എം. ഇ. ജി. പി. ബാങ്ക് മാനേജർമാർക്കായി ഏകദിന വർക്ക് ഷോപ്പ്




പി. എം. ഇ. ജി. പി പദ്ധതിയിൽ തൃശൂർ ജില്ല ഒന്നാം സ്ഥാനത്താണ് എന്ന് ലീഡ് ഡിസ്ട്രിക്റ്റ് മാനേജർ ശ്രീ. എൽ. അനിൽകുമാർ പ്രസ്ഥാവിച്ചു. ബാങ്ക് മാനേജർമാർക്കായി തൃശൂർ ജില്ലയിൽ നടത്തിയ ഏകദിന വർക്ക് ഷോപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാങ്ക് മാനേജർമാരുടെ സഹകരണത്തിന് നന്ദി പറഞ്ഞു. ബാങ്കിൽ പെന്റിംഗ് നിൽക്കുന്ന അപേക്ഷകൾ എത്രയുംവേഗം അനുവദിച്ചു നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ ടി. എസ്. ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ഖാദി കമ്മീഷൻ ജില്ലാ ഓഫീസർ ശ്രീ. പി. പീതാംബരൻ, ഖാദി കമ്മീഷൻ പ്രതിനിധി എൽ. രഘു, അസി. ജില്ലാ വ്യവസായ ഓഫീസർ കെ. ബി. രാജൻ, ഐ. ഇ. ഒ ബിന്നിമോൻ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.




ജില്ലയിൽ പി. എം. ഇ. ജി. പി. പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ച വച്ച 5 ബാങ്ക് ബ്രാഞ്ചുകളെ ആദരിച്ചു. കാനറ ബാങ്ക് പഴഞ്ഞി, പാവറട്ടി, ബാങ്ക് ഓഫ് ഇന്ത്യ നന്തിക്കര, അയ്യന്തോൾ, ബാങ്ക് ഓഫ് ബറോഡ ചന്ത്രാപ്പന്നി എന്നിവർക്ക് ജില്ലാ വ്യവസായകേന്ദ്രത്തിന്റെ ട്രോഫിയും, സർട്ടിഫിക്കറ്റും നൽകിയാണ് ആദരിച്ചത്. 2018- 19 വർഷത്തെ നേട്ടമാണ് അവാർഡിന് പരിഗണിച്ചത്.



പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകളും നടന്നു. പി. എം. ഇ. ജി. പി. പരിശീലന പരിപാടികളെക്കുറിച്ച് ആർ- സെറ്റി ഡയറക്ടറും പങ്കെടുത്ത് സംസാരിച്ചു.

# ഡിജിറ്റൽ മാർക്കറ്റിംഗ് സെമിനാർ

കോഴിക്കോട് കോർപറേഷൻ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരപരിധിയിലെ സംരംഭകർക്കായി കോഴിക്കോട് കോർപറേഷൻ സംരംഭകത്വ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ഗാന്ധി റോഡിലുള്ള കെ. എസ്. എസ്. ഐ. എ ഹാളിൽ വെച്ച് ഡിജിറ്റൽ മാർക്കറ്റിംഗ് സെമിനാർ സംഘടിപ്പിച്ചു. ശില്പശാലയുടെ ഉദ്ഘാടനം കോഴിക്കോട് കോർപറേഷൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി. സി. രാജൻ നിർവ്വഹിച്ചു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ. വി. ബാബുരാജ് അധ്യക്ഷത വഹിച്ചു. നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആശാ ശശാങ്കൻ, കൗൺസിലർ എൻ. പി. പദ്മനാഭൻ, വ്യവസായകേന്ദ്രം മാനേജർ വി. കെ. ശ്രീജൻ എന്നിവർ ആശംസകൾ അർപിച്ച് സംസാരിച്ചു. കോഴിക്കോട് കോർപറേഷൻ വ്യവസായ ഓഫീസർ പി. ജി. നന്ദകുമാർ സ്വാഗതം പറഞ്ഞ ചടങ്ങിന് ചെറുകിട വ്യവസായ വർക്കിങ്ങ് ഗ്രൂപ്പ് ചെയർമാൻ എം. കുഞ്ഞാമുട്ടി നന്ദി രേഖപ്പെടുത്തി. അഭയൻ. പി, അഭിജിത് എന്നിവർ ഡിജിറ്റൽ മാർക്കറ്റിംഗ് സംബന്ധിച്ച് ക്ലാസ് എടുത്തു കോഴിക്കോട് കോർപറേഷൻ പരിധിയിലെ 60 സംരംഭകർ ശില്പശാലയിൽ പങ്കെടുത്തു.




## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ശിൽപശാല നടത്തി

മീനച്ചിൽ താലൂക്ക് വ്യവസായ ഓഫീസിന്റെ ആഭിമുഖ്യത്തിൽ പാലാ ശാലോം പാസ്റ്ററൽ സെന്ററിൽ വെച്ച് മാറിയ പഞ്ചായത്ത് നിയമങ്ങളെക്കുറിച്ച് ഏകദിന ശിൽപശാല നടത്തി. പാലാ നഗരസഭാ വൈസ് ചെയർമാൻ ശ്രീ. കുര്യാക്കോസ് പടവൻ അദ്ധ്യക്ഷനായി. നഗരസഭാ വൈസ് ചെയർപേഴ്സൺ ശ്രീമതി. മേരി ഡൊമിനിക് ശിൽപശാല ഉദ്ഘാടനം ചെയ്തു. കോട്ടയം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ശ്രീ. ജി. രാജീവ് മുഖ്യപ്രഭാഷണം നടത്തി. മാറിയ തദ്ദേശ സ്വയം ഭരണ നിയമങ്ങളെക്കുറിച്ച് പഞ്ചായത്ത് റിട്ടയേർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. സോമൻ ക്ലാസ് നയിച്ചു. കെ. പി. എം. ജി. മാനേജർ ശ്രീ. ഇജാസ് അലംഖാൻ കെ- സ്വിഫ്റ്റ് സോഫ്റ്റ്വെയർ പരിചയപ്പെടുത്തുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഉപജില്ലാ വ്യവസായ ഓഫീസർമാരായ ശ്രീമതി. പ്രേമലത, ശ്രീ. അനീഷ് മാനുവൽ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# ശബരി മേള 2019, പന്തളം

ശബരിമല ക്ഷേത്രത്തിന്റെ മൂലസ്ഥാനമായ പന്തളം രാജകൊട്ടാരവും ശ്രീധർമ്മശാസ്താ ക്ഷേത്രവും സ്ഥിതിചെയ്യുന്ന പന്തളത്ത് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ശബരിമേള സംഘടിപ്പിച്ചു. 2019 ഡിസംബർ 1 മുതൽ 2020 ജനുവരി 15 വരെയുള്ള കാലയളവിൽ നടന്ന ഈ മേളയുടെ ഉദ്ഘാടനം ബഹു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം. മണിയാണ് നിർവഹിച്ചത്. അടൂർ നിയമസഭാ മണ്ഡലം എം.എൽ.എ ബഹു. ചിറ്റയം ഗോപകുമാർ ചടങ്ങിന് അദ്ധ്യക്ഷം വഹിച്ചു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അന്നപൂർണ്ണാദേവി ആദ്യ വിൽപ്പന നടത്തി. പന്തളം നഗരസഭാ ചെയർപേഴ്സൺ ശ്രീമതി. റ്റി. കെ. സതി, വാർഡ് കൗൺസിലർ ശ്രീ. കെ. ആർ. രവി എന്നിവർ ആശംസകൾ അർപ്പിച്ചു. പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ.ഡി.രാജേന്ദ്രൻ സ്വാഗതം പറഞ്ഞു.

ചെറുകിട സംരംഭകർക്കായി മേളയിൽ 20 സ്റ്റാളുകൾ ഒരുക്കിയിരുന്നു. ജില്ലയിൽ നിന്നും മറ്റു ജില്ലകളിൽ നിന്നും എത്തിയ ചെറുകിട സംരംഭകർ അവരുടെ ഉൽപ്പന്നങ്ങളായ കരകൗശല ഉൽപ്പന്നങ്ങൾ, കൈത്തറി തുണിത്തരങ്ങൾ, നാടൻ പലഹാരങ്ങൾ, കശുവണ്ടി പ്പരിപ്പ്, ആയുർവേദ ഉൽപ്പന്നങ്ങൾ, ഐസ് ടീ എന്നിവ പ്രദർശനത്തിനും, വിൽപ്പനയ്ക്കുമായി ഒരുക്കി. പ്രതിദിനം ശരാശരി 2000 അയ്യപ്പ ഭക്തർ സ്റ്റാളുകൾ സന്ദർശിച്ചിരുന്നു. സീസൺ കാലത്ത് 1,00,000/ അയ്യപ്പ ഭക്തർ സ്റ്റാളുകൾ സന്ദർശിക്കുകയും ഏകദേശം 50,00,000/ രൂപയുടെ വിൽപ്പന നടന്നതായും കണക്കാക്കിയിട്ടുണ്ട്. മേളയിൽ പങ്കെടുത്ത എല്ലാ സംരംഭകർക്കും ജില്ലാ വ്യവസായ കേന്ദ്രം അനുമോദന പത്രങ്ങൾ നൽകി.









## പരസ്യനിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിംഗ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158

Email: vyavasayakeralam@gmail.com

Regn.No.KL/TV(N)/183/2016-2018
Volume 52 Issue 9
February 2020

# Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd February 2020




**SAKTHI TARPAULIN CO**

*Rain Water Harvesting Pond recently built by* **SAKTHI TARPAULIN CO** *for Santhigiri Information Centre, Kannur*

NR.AYURVEDA MEDICAL COLLEGE
PARIYARAM,KANNUR,KERALA 670501
Ph:+919562024365 Fax:04972802680
Web :www.sakthitarpaulins.com; Email:info@sakthitarpaulins.com

**Mfrs of:Plastic / Nylon Tarpaulins,plastic Sheets,Agro shade nets,Nylon ropes,Rain coats**

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor : Baiju R.S.